24
2025
ഏപ്രിൽ
വ്യാഴം
മേടം 11

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.124 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-124 പേജ് 4. വില 2.00 രൂപ

02 പൊതുവിദ്യാലയങ്ങൾ കേരളത്തിന് അഭിമാനകരമായ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു: മന്ത്രി
03 ഇന്ത്യയിൽ വരാമെന്നു പ്രതീക്ഷിക്കുന്നു ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ!
04 പി.വി അൻവർ കോൺഗ്രസുമായും യു.ഡി.എഫുമായും സഹകരിക്കും

# പഹൽഗാം ഭീകരാക്രമണം; തിരിച്ചടിക്കാൻ ഇന്ത്യ



ഭീകരാക്രമണത്തിൽ നിന്ന് അതിജീവിച്ചവരെ ആശ്വസിപ്പിക്കുന്ന ആഭ്യന്തര മന്ത്രി അമിത് ഷാ

ന്യൂഡൽഹി: പഹൽഗാമിലെ ഭീകരാക്രമണത്തിൽ പാകിസ്താനെതിരെ നയതന്ത്ര – സൈനിക നടപടികൾ ആലോചിച്ച് കേന്ദ്രസർക്കാർ. പാകിസ്താനുമായുള്ള എല്ലാ നയതന്ത്ര ബന്ധങ്ങളും ഇന്ത്യ വിഛേദിച്ചേക്കുമെന്നാണ് സൂചന. ഇന്ത്യയിലെ പാക് ഹൈക്കമ്മിഷനിലെ ഉദ്യോഗസ്ഥരെ പുറത്താക്കുക, പാക് നയതന്ത്ര കാര്യാലയത്തിന് നൽകിയ ഭൂമി തിരികെ വാങ്ങുക, പാകിസ്താനിലെ നയതന്ത്ര കാര്യാലയത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുക തുടങ്ങിയ നീക്കങ്ങളാണ് ഇന്ത്യ നടപ്പാക്കുകയെന്നാണ് സൂചനകൾ.

മാത്രമല്ല, ഇന്ത്യയിലെത്താൻ പാക് സ്വദേശികൾക്ക് അനുവദിച്ചിരുന്ന വിസകളും റദ്ദാക്കും. ഇന്ത്യക്കാരുടെ പാകിസ്താനിലേക്കുള്ള യാത്രയ്ക്കും വിലക്ക് കൊണ്ടുവന്നേക്കും. ഇന്ത്യാ – പാകിസ്താൻ അതിർത്തിയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സഞ്ചാരത്തിനായി തുറന്ന കർത്താർപുർ ഇടനാഴി അടയ്ക്കുമെന്നാണ് പ്രതിരോധ വൃത്തങ്ങളെ ഉദ്ധരിച്ച് പുറത്തുവരുന്ന റിപ്പോർട്ടുകൾ. പാകിസ്താനുമായുള്ള നേരിട്ടുള്ളതും അല്ലാത്തതുമായ എല്ലാ വ്യാപാരങ്ങളും അനിശ്ചിത കാലത്തേക്ക് നിർത്തിവെയ്ക്കും. പാകിസ്താനിൽനിന്ന് മറ്റൊരു രാജ്യം വഴി ഇന്ത്യയിലേക്കുള്ള ഇറക്കുമതികളും നിരോധിച്ചേക്കും.

പാകിസ്താനുമായുള്ള സഹകരണം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി വാഗ, ഹുസൈൻവാല, ആർ.എസ് പുര അതിർത്തികളിൽ നടക്കാറുള്ള പതാക താഴ്ത്തൽ, ബീറ്റിങ് റീട്രീറ്റ് ചടങ്ങുകൾ ഒഴിവാക്കും. മാത്രമല്ല, ഇന്ത്യയും പാകിസ്താനും തമ്മിലുള്ള സിന്ധുനദീജല കരാറിൽനിന്ന് പിന്മാറിയേക്കുമെന്നും സൂചനയുണ്ട്. പാകിസ്താനിലെ കർഷകർ ഏറെ ആശ്രയിക്കുന്ന നദീജലം പങ്കിടൽ കരാർ അവസാനിപ്പിക്കണമെന്ന ആവശ്യം മുൻ നയതന്ത്ര ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉയർന്നിരുന്നു. പഹൽഗാമിലെ സംഭവവികാസങ്ങൾ ഇന്ത്യ യു.എൻ. രക്ഷാസമിതിയിലെ സ്ഥിരാംഗങ്ങളോട് വിശദീകരിക്കും, ഭീകരാക്രമണത്തിൽ പാകിസ്താന്റെ പങ്ക് വിശദമാക്കുന്ന തെളിവുകളും കൈമാറും. പാകിസ്താനെ ആഗോളതലത്തിൽ ഒറ്റപ്പെടുത്തുക എന്നത് ലക്ഷ്യമിട്ട് നയതന്ത്രതലത്തിൽ കൂടുതൽ നടപടികളും ഉണ്ടാകുമെന്നാണ് സൂചന.

അതേസമയം, ഇന്ത്യ സൈനികമായി തിരിച്ചടിച്ചേക്കുമെന്ന സൂചനകളിൽ പാകിസ്താൻ അതിർത്തി ഗ്രാമങ്ങളിലുള്ളവരോട് തയ്യാറെടുപ്പുകൾ നടത്താൻ ആവശ്യപ്പെട്ടതായും റിപ്പോർട്ടുണ്ട്. പഹൽഗാം ആക്രമണത്തിന്റെ സൂത്രധാരന്മാരെ കണ്ടെത്തി അവർക്കെതിരെ സൈനിക നടപടി ഉണ്ടായേക്കുമെന്നുള്ള വിവരങ്ങളാണ് പുറത്തുവരുന്നത്. ഇക്കാര്യങ്ങൾ പരസ്യമായി പറഞ്ഞിട്ടില്ലെങ്കിലും സൈനിക നടപടി പ്രതീക്ഷിക്കാമെന്നുള്ള സൂചനകൾ പ്രതിരോധ വൃത്തങ്ങളിൽനിന്ന് വരുന്നുണ്ട്. ഭീകരാക്രമണം നടത്തിയ ദി റെസിസ്റ്റൻസ് ഫ്രണ്ട് എന്ന ഭീകരസംഘടനയുടെ പ്രവർത്തനം പാകിസ്താൻ കേന്ദ്രീകരിച്ചാണ്. ഇവരെ സഹായിക്കുന്നത് ഭീകര സംഘടനയായ ലഷ്കറെ തോയ്ബ ആണ്. ഇവരെ ഇന്ത്യ ലക്ഷ്യമിട്ടേക്കുമെന്നാണ് വിവരങ്ങൾ. അടുത്ത നടപടി എന്ത് വേണമെന്ന് തീരുമാനിക്കാനുള്ള സുരക്ഷാകാര്യങ്ങൾക്കുള്ള മന്ത്രിസഭാസമിതി യോഗം ഇന്ന് വൈകിട്ട് ആറുമണിക്ക് നടക്കും. ഇതിന് ശേഷമാകും തീരുമാനങ്ങളുണ്ടാകുക.

## കോട്ടയം ഇരട്ടക്കൊലക്കേസ് പ്രതി പിടിയിൽ

കോട്ടയം: തിരുവാതുക്കൽ ഇരട്ടക്കൊലപാതകത്തിൽ പ്രതി അസം സ്വദേശി അമിത് ഒറാങ് പിടിയിൽ. തൃശ്ശൂർ മാളയിൽനിന്നാണ് ഇയാളെ അന്വേഷണം സംഘം പിടികൂടിയത്. ഇയാൾ മാളയിൽ കോഴിഫാമിൽ ഒളിവിൽ കഴിയുകയായിരുന്നുവെന്നാണ് ലഭിക്കുന്ന വിവരം. കോഴി ഫാമിൽ ഇതരസംസ്ഥാനത്തൊഴിലാളികൾക്കൊപ്പമായിരുന്നു ഇയാൾ ഉണ്ടായിരുന്നത്.

മൊബൈൽ ഫോൺ ലൊക്കേഷൻ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിലാണ് പ്രതിയെക്കുറിച്ച് വിവരം ലഭിച്ചത്. ഇയാളുടെ പക്കൽ പത്തോളം മൊബൈൽ ഫോണുകളുണ്ടായിരുന്നു.

അതുകൊണ്ടുതന്നെ മൊബൈൽ ഫോൺ മാറ്റിയായിരുന്നു ഉപയോഗിച്ചിരുന്നത്.

കൊലയ്ക്കുശേഷം വിജയകുമാറിന്റെയും ഭാര്യയുടേയും ഫോൺ പ്രതി മോഷ്ടിച്ചിരുന്നു. ഇതിൽ ഒരു ഫോൺ ഓൺ ആയിരുന്നു. ഇതിന്റെ ലൊക്കേഷൻ കേന്ദ്രീകരിച്ചാണ് പോലീസ് അന്വേഷണം നടത്തിയത്. കൊലപാതകം നടത്തി 24 മണിക്കൂറിനുള്ളിലാണ് പോലീസ് പ്രതിയെ പിടികൂടിയത്.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ഉദ്ഘാടനത്തിന്റെ സ്വാഗതസംഘം രൂപീകരിച്ചു

തിരുവനന്തപുരം: മേയ് രണ്ടിന് കേരളം സാക്ഷ്യം വഹിക്കാൻ പോകുന്നത് ഒരു ചരിത്ര മുഹൂർത്തത്തിനാണെന്ന് തുറമുഖ വകുപ്പ് മന്ത്രി വി. എൻ. വാസവൻ. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ഉദ്ഘാടനത്തിന്റെ സ്വാഗതസംഘം രൂപീകരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഉദ്ഘാടന ചടങ്ങ് പ്രൗഢഗംഭീരമായ ചരിത്രനിമിഷമാക്കി മാറ്റാനുള്ള അനുബന്ധ പ്രവർത്തനങ്ങൾ ആലോചിക്കുന്നതിനാണ് യോഗം ചേർന്നതെന്ന് മന്ത്രി കൂട്ടിച്ചേർത്തു. താൽകാലിക സംവിധാനമായി 1.6 കിലോമീറ്റർ റോഡ് ഉടനെ പൂർത്തിയാക്കും. അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ടം കമ്മിഷൻ ചെയ്യുന്നതിനൊപ്പം രണ്ടാം ഘട്ടത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി. മന്ത്രി വി. ശിവൻകുട്ടി യോഗത്തിൽ അധ്യക്ഷനായിരുന്നു. പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും എത്തുമ്പോൾ മികച്ച വരവേൽപ്പ് ഒരുക്കേണ്ടതുണ്ടെന്നും, ഉദ്ഘാടന ചടങ്ങിൽ ജനപങ്കാളിത്തം ഉറപ്പാക്കുകയെന്നത് ഓരോരുത്തരുടെയും ഉത്തരവാദിത്തമാണെന്നും മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. തദ്ദേശ സ്ഥാപനങ്ങൾ ഉദ്ഘാടന ചടങ്ങിന് വേണ്ട പ്രചാരണം നൽകണമെന്നും ജനപങ്കാളിത്തം ഉറപ്പാക്കണമെന്നും അദ്ദേഹം നിർദേശിച്ചു..മുഖ്യമന്ത്രി പിണറായി വിജയൻ രക്ഷാധികാരിയായി പൊതുസംഘാടക സമിതി രൂപീകരിച്ചതായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ മാനേജിംഗ് ഡയറക്ടർ ദിവ്യ. എസ്. അയ്യർ യോഗത്തിൽ അറിയിച്ചു. തുറമുഖ വകുപ്പ് മന്ത്രി വി. എൻ. വാസവൻ സ്വാഗത സംഘം ചെയർമാനും മന്ത്രിമാരായ സജി ചെറിയാൻ, വി. ശിവൻകുട്ടി, ജി. ആർ. അനിൽ എന്നിവർ രക്ഷാധികാരികളുമായിരിക്കും. ജില്ലയിലെ എംഎൽഎമാരും എം. പിമാരും ഉൾപ്പെടെ 77 അംഗങ്ങൾ അടങ്ങിയതാണ് സ്വാഗത സംഘം. കൂടാതെ 6 സബ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. യോഗത്തിൽ എം. എൽ. എമാരായ കടകംപള്ളി സുരേന്ദ്രൻ, സി. കെ. ഹരീന്ദ്രൻ, ആന്റണി രാജു, ഐ. ബി. സതീഷ്, വി. കെ. പ്രശാന്ത്, മേയർ ആര്യ രാജേന്ദ്രൻ, മുൻമന്ത്രി എം. വിജയകുമാർ, തുറമുഖ വകുപ്പ് സെക്രട്ടറി എൻ. കൗശിഗൻ, തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## മുതലപ്പൊഴി: മണൽ നീക്കിത്തുടങ്ങി

തിരുവനന്തപുരം : പൊഴിമുഖം മണൽ മൂടിയതിനെ തുടർന്ന് മത്സ്യബന്ധനത്തിന് കടലിൽ പോകുന്നത് അസാധ്യമായ മുതലപ്പൊഴിയിൽ മണൽ നീക്കിത്തുടങ്ങി. കണ്ണൂരിൽ നിന്നുള്ള ശേഷി കൂടിയ ഡ്രെജർ കൂടി എത്തിച്ച് നാലു ദിവസത്തിനകം മുതലപ്പൊഴിയിൽ എത്തിച്ച് മണൽ നീക്കാനാണ് തീരുമാനം.

ഡ്രെജർ പ്രവേശിപ്പിക്കുന്നതിനായി പൊഴിയുടെ മുക്കാൽ ഭാഗം മുറിച്ചു നീക്കേണ്ടി വരും. 3 മീറ്റർ ആഴത്തിലും 13 മീറ്റർ വീതിയിലുമാണ് പൊഴി മുറിക്കുക. ഇതോടൊപ്പം കൂട്ടിയിട്ടിരിക്കുന്ന മണൽ മാറ്റുന്നതിനുള്ള നടപടികളും ആരംഭിച്ചു.

പൊഴി മുറിക്കുന്നതിനൊപ്പം തന്നെ മണൽ നീക്കാമെന്നുള്ള ഉറപ്പിലാണ് സമ്മതിച്ചിരിക്കുന്നത്. പൊഴി മുറിക്കാനുള്ള പ്രവർത്തനങ്ങൾ ഇന്നലെ ആരംഭിച്ചു.

പൊഴിയിൽ നിന്നു മാറ്റിയ മണൽ അഴിമുഖത്തു തന്നെ അടിഞ്ഞു കിടക്കുന്നതാണ് വലിയ ഭീഷണി. വലിയ മണൽശേഖരം മൂന്നു മണ്ണുമാന്തി യന്ത്രങ്ങൾ ഉപയോഗിച്ച് നീക്കുന്നുണ്ടെങ്കിലും ഈ രീതിയിൽ പൂർണമായ മണൽ നീക്കത്തിന് മാസങ്ങൾ എടുത്തേക്കും.

മണൽ മൂടി പൊഴി അടഞ്ഞതോടെ മുതലപ്പൊഴിയിൽ കുടുങ്ങിക്കിടക്കുന്നത് ഇരുന്നൂറോളം വലിയ ബോട്ടുകൾ. 20 മുതൽ 50 വരെ തൊഴിലാളികളാണ് ഓരോ ബോട്ടിലും പണിയെടുത്തിരുന്നത്. അഴിമുഖത്തു നിന്ന് മണൽ പൂർണമായും നീക്കിയാൽ മാത്രമേ ഇനി ഇവ കടലിൽ ഇറക്കാനും മീൻ പിടിക്കാനും കഴിയൂ.

ബോട്ടുകൾ നിശ്ചലാവസ്ഥയിലായതോടെ നൂറുകണക്കിന് മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് പ്രതിസന്ധിയിലായിരിക്കുന്നത്. ബീമാപ്പള്ളി മുതൽ കൊല്ലം വരെയുള്ള ഏതാണ്ട് 20, 000 മത്സ്യത്തൊഴിലാളികൾ ജീവിതോപാധി കണ്ടെത്തുന്ന ഹാർബർ പൂർണമായും ആളൊഴിഞ്ഞ നിലയിലാണ്. പൊഴിമുഖത്ത് കുടിൽ കെട്ടിയുള്ള മത്സ്യത്തൊഴിലാളികളുടെ സമരം തുടരുന്നുണ്ട്.

മൂന്ന് മണ്ണുമാന്തി യന്ത്രങ്ങൾ മണൽ നീക്കുന്നുണ്ടെങ്കിലും കൂടുതൽ ശേഷിയുള്ള എസ്കവേറ്ററുകൾ കൊണ്ടുവരണമെന്നാണ് ആവശ്യം. പൊഴിമുഖം പൂർണമായും മണൽമൂടിയതോടെ വൈകുന്നേരങ്ങളിൽ ഇവിടേക്ക് സന്ദർശകരുടെ പ്രവാഹമാണ്. നേരത്തെ കൂറ്റൻ തിരകൾ ആഞ്ഞടിച്ചിരുന്ന മേഖല ഇന്ന് പൂർണമായും മണലിൽ മൂടിയിരിക്കുന്നു.

പൊഴിമുഖം മണൽ മൂടി അടഞ്ഞതുമൂലം സമീപ പഞ്ചായത്ത് പ്രദേശങ്ങളിൽ വെള്ളം കയറുന്ന സാഹചര്യം കണക്കിലെടുത്താണ് പൊഴിമുഖം മുറിച്ച് ഡ്രെജർ പ്രവേശിപ്പിക്കുന്നതിനു സംയുക്ത സമരസമിതി തീരുമാനമെടുത്തത്. നേരത്തെ മണൽനീക്കത്തിന് നടപടിയില്ലാതെ പൊഴിമുഖം മുറിക്കാൻ അനുവദിക്കില്ല എന്നായിരുന്നു നിലപാട്.

മുതലപ്പൊഴിയുടെ മുക്കാൽ ഭാഗത്തോളം വരുന്ന പൊഴിമുഖത്തെ മണൽ മാറ്റി വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയാണു ലക്ഷ്യമെന്നും ഭാരവാഹികൾ പറഞ്ഞു.



നിയമസഭ ക്യാമ്പസിൽ നിർമ്മിച്ച പാഴ്‌വസ്തു സംഭരണ കേന്ദ്രം മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യുന്നു. നിയമസഭ സ്പീക്കർ എ. എൻ. ഷംസീറും, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറും സമീപം.



# മറവിരോഗബാധിതർക്കായി നൂതന ചികിത്സാരീതി ആരംഭിക്കുന്നു

കൊച്ചി: സംസ്ഥാനത്ത് മറവി രോഗബാധിതർക്കായി (ഡിമെൻഷ്യ, അൽഷിമേഴ്സ്) നൂതന ചികിത്സാരീതി ആരംഭിക്കുന്നു. ക്യൂബയുമായി സഹകരിച്ച് തിരുവനന്തപുരം മെഡിക്കൽ കോളജിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിനുള്ള നടപടികൾ സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ചു. ആരോഗ്യവകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഈ വർഷം ഇതുവരെ മറവിരോഗം ബാധിച്ചത് 574 പേർക്കാണ്. 2024 ൽ 3,112 പേരും 2023 ൽ 2,763 പേരും 2022 ൽ 2,304 പേരും മറവി രോഗബാധിതരായി എന്നാണ് കണക്കുകളിലുള്ളത്. 2021 ൽ 2,002 പേർ, 2020 ൽ 1,769 പേർ, 2019 ൽ 1,847 പേർ, 2018 ൽ 1,548 പേർ, 2017 ൽ 1,047 പേർ, 2016 ൽ 475 പേർ എന്നിങ്ങനെയാണ് മറവി രോഗത്തിന്റെ പിടിയിൽ അമർന്നവരുടെ കണക്കുകൾ. മറവി രോഗബാധിതർക്കുള്ള ചികിത്സ ഡിമെൻഷ്യ ക്ലിനിക്കുകൾ മുഖേന നൽകുന്നുണ്ട്. സർക്കാർ ആശുപത്രികളിൽ സൗജന്യ രോഗ നിർണയവും ചികിത്സയും തുടർ പരിചരണവും രോഗികളെ പരിചരിക്കുന്നവർക്കായി മാനസികാരോഗ്യ പിന്തുണയും സംശയനിവാരണവും ആരോഗ്യവകുപ്പ് നൽകുന്നുണ്ട്. ജില്ലയിലെ പ്രധാന മേജർ ആശുപത്രികളിൽ സൈക്യാട്രി വിഭാഗത്തിൽ ഒപി/ഐപി സംവിധാനവും നിലവിലുണ്ട്. ജില്ലകളിലെ സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ ഇവർക്ക് വിവിധ സേവനങ്ങൾ നൽകുന്നുണ്ട്. മറവിരോഗം ബാധിച്ച രോഗികൾക്ക് മെഡിക്കൽ കോളജുകളിലെ ഒപിയിൽ ചികിത്സയും പ്രത്യേക പരിചരണം ആവശ്യമുള്ള രോഗികൾക്കാവശ്യമായ പരിശോധനകളായ സിടി സ്കാൻ, എംആർഐ, ഇഇജി, എസ്എസ്ഇപി, എൽപി, സിഎസ്എഫ് സ്റ്റഡി, രക്ത പരിശോധന എന്നിവ നടത്തി രോഗനിർണയം നടത്തുകയും ആവശ്യമെങ്കിൽ ആശുപത്രിയിൽ കിടത്തി ചികിത്സ നടത്തുന്നതിനുള്ള സൗകര്യങ്ങളും ആരോഗ്യവകുപ്പ് ഒരുക്കിയിട്ടുണ്ട്.

## ബസിടിച്ച് നിയന്ത്രണംവിട്ട മിനിലോറി മരത്തിലിടിച്ച് അപകടം; ഡ്രൈവർ മരിച്ചു

കണ്ണൂർ: ബസിടിച്ച് നിയന്ത്രണം വിട്ട മിനിലോറി മരത്തിലിടിച്ചുണ്ടായ അപകടത്തിൽ ഡ്രൈവർ മരിച്ചു. ലോറി ഡ്രൈവറായ മലപ്പുറം പള്ളിക്കൽ ബസാർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു സമീപം കുറ്റിയിൽ ഹൗസിൽ പറമ്പൻ ജലീലാണ്(43) മരിച്ചത്.

അപകടത്തിൽ പൂർണ്ണമായും തകർന്ന കാബിനകത്ത് സ്റ്റിയറിങ്ങിനും സീറ്റിനും ഇടയിൽ കുടുങ്ങിയാണ് മരണം. ഏറെ നേരത്തേ പരിശ്രമത്തിനൊടുവിലാണ് മൃതദേഹം വാഹനത്തിനുള്ളിൽനിന്ന് പുറത്തെടുത്തത്.

ജലീലിന് ഒപ്പമുണ്ടായിരുന്ന ലോറിയുടമ പള്ളിക്കൽ സ്വദേശി പ്രവീൺകുമാറിന് (43)അപകടത്തിൽ പരിക്കുണ്ട്. ഇയാൾ സമീപത്തെ ആശുപത്രിയിൽ ചികിത്സ തേടി.

ദേശീയപാതയിൽ പള്ളിക്കുളത്തിനും പൊടിക്കുണ്ടിനും മധ്യേ തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് മൂന്നരയോടെയിരുന്നു അപകടം. ചെങ്കല്ലുമായി തളിപ്പറമ്പിൽനിന്നു കോഴിക്കോട് ഭാഗത്തേക്കു പോകുകയായിരുന്നു ലോറി. പിന്നിൽ ബസ് ഇടിച്ചതിനെത്തുടർന്ന് നിയന്ത്രണംവിട്ട ലോറി റോഡരികിലെ മരത്തിൽ ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ മരം ഒടിഞ്ഞുവീണു.

സംഭവത്തിന് പിന്നാലെ ബസ് പോലീസ് കസ്റ്റഡിയിലെടുത്തു. ജലീലിന്റെ കബറടക്കം ഇന്ന് പള്ളിക്കൽ ബസാർ ജുമാമസ്ജിദിൽ നടക്കും.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമം; ഫോറസ്റ്റ് ഗാർഡിനെ പിടികൂടി ജനക്കൂട്ടം

ജയ്പുർ: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ച ഫോറസ്റ്റ് ഗാർഡിനെ മർദിച്ച് ജനക്കൂട്ടം. രാജസ്ഥാനിലെ രന്തംബോർ കടുവ സംരക്ഷണ കേന്ദ്രത്തിലെ ഫോറസ്റ്റ് ഗാർഡായ മുകേഷ് ഗുർജാർ (41)നെയാണ് സവായ് മധോപൂർ ജില്ലയിൽ ഗ്രാമവാസികൾ പിടികൂടി മർദിച്ചത്. പീഡനശ്രമത്തിൽ നിന്നും രക്ഷപെടാനായി കിണറ്റിൽ ചാടിയ 17കാരിയെ നിസാരപരിക്കുകളോടെ രക്ഷപെടുത്തി. തിങ്കളാഴ്ച പെൺകുട്ടി കാട്ടിലേക്ക് പോയിരുന്നു. തുടർന്ന് ഇവിടെയുണ്ടായിരുന്ന മുകേഷ് ഗുർജാർ പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ചു. രക്ഷപെടാനായി കുട്ടി കിണറ്റിലേക്ക് ചാടി.

പെൺകുട്ടി ഉറക്കെ കരഞ്ഞപ്പോൾ ഗ്രാമവാസികൾ ഓടിയെത്തി ഇയാളെ പിടികൂടി മർദിക്കുകയായിരുന്നുവെന്ന് റാവഞ്ജന ദുൻഗർ സ്റ്റേഷൻ ഹൗസ് ഓഫീസർ ഹരിമാൻ മീണ പറഞ്ഞു. ഗുർജാറിനെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെന്നും പരിക്ക് ഗുരുതരമായതിനാൽ ജയ്പൂരിലേയ്ക്ക് മാറ്റിയെന്നും പോലീസ് അറിയിച്ചു.

പെൺകുട്ടിയുടെ കുടുംബത്തിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഗുർജാറിനെതിരെ ബലാത്സംഗ ശ്രമത്തിന് കേസെടുത്തിട്ടുണ്ട്.

## ഭക്ഷ്യവിഷബാധയേറ്റ് മൂന്ന് വയസുകാരി മരിച്ചു

കൊച്ചി: ഭക്ഷ്യവിഷബാധയേറ്റ് മൂന്ന് വയസുകാരി മരിച്ചു. യാത്രക്കിടെ കഴിച്ച മസാല ദോശയിൽ നിന്നാണ് ഭക്ഷ്യവിഷബാധയേറ്റത് എന്നാണ് സംശയം. തൃശൂർ വെണ്ടോർ അളഗപ്പ ഗ്രൗണ്ടിനു സമീപം കല്ലൂക്കാരൻ ഹെൻട്രിയുടെ മകൾ ഒലിവിയ ആണ് മരിച്ചത്. സംഭവത്തിൽ പുതുക്കാട് പോലീസ് കേസെടുത്തു. വിദേശത്തായിരുന്ന കുടുംബം ഇക്കഴിഞ്ഞ ശനിയാഴ്ചയാണ് നെടുമ്പാശേരിയിൽ വിമാനമിറങ്ങിയത്. വീട്ടിലേക്കുള്ള യാത്രക്കിടെ അങ്കമാലിക്കടുത്തുള്ള കരയാംപറമ്പിലെ ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ കയറിയിരുന്നു.

കുട്ടിക്കു പുറമെ മാതാപിതാക്കളും ഹെൻട്രിയുടെ അമ്മയും മസാലദോശ കഴിച്ചു. വീട്ടിലെത്തിയതോടെ എല്ലാവർക്കും ശാരീരിക അസ്വസ്ഥതയുണ്ടായി. തുടർന്ന് ഹെൻട്രിയും ഭാര്യയും ഒലിവിയയും വീടിനടുത്തുള്ള ആശുപത്രിയിൽ ചികിത്സ തേടി. ആരോഗ്യനില വഷളായതോടെ ഒലീവിയയെ കൊടകരയിലെ സ്വകാര്യ ആശുപത്രിയിലും പിന്നീട് പുതുക്കാട് താലൂക്ക് ആശുപത്രിയിലും പ്രവേശിപ്പിച്ചെങ്കിലും ആരോഗ്യനില കൂടുതൽ വഷളാവുകയും മരിക്കുകയുമായിരുന്നു. വിദേശത്തായിരുന്ന ഹെൻട്രിയെ സ്വീകരിക്കാനായാണ് കുടുംബം നെടുമ്പാശേരിയിലെത്തിയത്. പുതുക്കാട് പോലീസ് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി.

## പുനലൂരിൽ വാഹനാപകടത്തിൽ ഓട്ടോറിക്ഷ ഡ്രൈവർ മരിച്ചു

കൊല്ലം: പുനലൂർ നെല്ലിപ്പള്ളിയിൽ വാഹനാപകടത്തിൽ ഓട്ടോറിക്ഷ ഡ്രൈവർ മരിച്ചു. പത്തനാപുരം കടക്കാമൺ സ്വദേശി മഹേഷാണ് മരിച്ചത്. അമിതവേഗത്തിൽ സ്വകാര്യ ബസിനെ മറികടന്നെത്തിയ കാർ എതിരെ വരികയായിരുന്ന ഓട്ടോറിക്ഷയെ ഇടിച്ചു തെറിപ്പിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഓട്ടോറിക്ഷ പൂർണമായും തകർന്നു. ഓട്ടോറിക്ഷ വെട്ടിപ്പൊളിച്ചാണ് മഹേഷിനെ പുറത്തെടുത്തത്. പുനലൂർ താലൂക്ക് ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴി മഹേഷ് മരിക്കുകയായിരുന്നു.

## മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫംഗം മദ്യപിച്ച് കാർ ഓടിച്ചു; ബൈക്ക് യാത്രികന് ദാരുണാന്ത്യം

കൊട്ടാരക്കര: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേഴ്സണൽ സെക്രട്ടറിയായിരുന്ന ടെനി ജോപ്പൻ ഓടിച്ച കാറിടിച്ച് ബൈക്ക് യാത്രികൻ മരിച്ചു. പുത്തൂർ കൊട്ടാരക്കര റോഡിൽ അവണൂർ കശുവണ്ടി ഫാക്ടറിക്ക് സമീപത്തുണ്ടായ അപകടത്തിൽ ഇഞ്ചക്കാട് തിരുവാതിരയിൽ ഷൈൻകുട്ടൻ (33) ആണ് മരിച്ചത്. ടെനി മദ്യ ലഹരിയിലാണ് കാർ ഓടിച്ചതെന്ന് പോലീസ് പറഞ്ഞു. സംഭവത്തിൽ ടെനി ജോപ്പനെ അറസ്റ്റ് ചെയ്തെന്നും ഇയാൾക്കെതിരെ നരഹത്യയ്ക്ക് കേസെടുത്തെന്നും പോലീസ് അറിയിച്ചു.




2025-26 അധ്യയന വർഷത്തെ പരിഷ്ക്കരിച്ച സ്കൂൾ പാഠപുസ്തകങ്ങളുടെ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച ശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി വിദ്യാർഥികൾക്കൊപ്പം. ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ, ആന്റണി രാജു എം.എൽ.എ തുടങ്ങിയവർ സമീപം.

# പൊതുവിദ്യാലയങ്ങൾ കേരളത്തിന് അഭിമാനകരമായ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു: മന്ത്രി

ഒരുകാലത്ത് നഷ്ടകേന്ദ്രങ്ങൾ എന്ന് വിമർശിക്കപ്പെട്ടിരുന്ന പൊതുവിദ്യാലയങ്ങൾ ഇന്ന് കേരളത്തിലെ ഓരോ പൗരനും അഭിമാനകരമായ കേന്ദ്രങ്ങൾ ആയി മാറിയിരിക്കുന്നുവെന്നു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. 2025–26 അധ്യയന വർഷത്തെ പരിഷ്ക്കരിച്ച സ്കൂൾ പാഠപുസ്തകങ്ങളുടെ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ ഡയറിക്കുറിപ്പുകൾ സമാഹരിച്ചു പ്രസിദ്ധീകരിച്ച 'കുരുന്നെഴുത്തുകൾ' എന്ന പുസ്തകത്തിന്റെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

കിഫ്ബി ഫണ്ടിംഗിന്റെ പിന്തുണയോടെ, സർക്കാരിന്റെ പ്രതിബദ്ധതയുള്ള ശ്രമങ്ങളിലൂടെ, പൊതുവിദ്യാലയങ്ങളുടെ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലെ വിദ്യാലയങ്ങളുടെ, അടിസ്ഥാന സൗകര്യങ്ങൾ നഗരങ്ങളിലെ സ്വകാര്യ, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ നിലവാരത്തെ പോലും മറികടന്നുവെന്ന് മന്ത്രി പറഞ്ഞു. കേരളത്തിലെ ജനങ്ങൾ കേട്ടിട്ട് മാത്രമുള്ളതല്ല, സ്വന്തം ജീവിതത്തിൽ അനുഭവിച്ചിട്ടുള്ള ഒരു പരിവർത്തനമാണിത്.

നമ്മുടെ യാത്ര കെട്ടിടങ്ങളിലും സൗകര്യങ്ങളിലും മാത്രം ഒതുങ്ങുന്നില്ല. ഭൗതിക വികസനത്തോടൊപ്പം, അക്കാദമിക് ഉള്ളടക്കത്തിലും സമയബന്ധിതവും ദർശനാത്മകവുമായ പരിഷ്കാരങ്ങൾ ഉണ്ടായിട്ടുണ്ട്. പൊതുജനങ്ങളെ ഉൾപ്പെടുത്തി വിശാലമായ ചർച്ചകളിലൂടെ വികസിപ്പിച്ചെടുത്ത പാഠ്യപദ്ധതി ചട്ടക്കൂട് 2023, പങ്കാളിത്ത സമീപനത്തിന്റെ തിളക്കമാർന്ന ഉദാഹരണമാണെന്നു മന്ത്രി പറഞ്ഞു. ശാസ്ത്ര സാങ്കേതിക മേഖലയിലെ ഏറ്റവും പുതിയ പുരോഗതിക്കനുസൃതമായി പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു. എ.ഐ, റോബോട്ടിക്സ് എന്നിവയുടെ സംയോജനം ഉൾപ്പെടെയുള്ള നൂതന അധ്യാപന രീതികൾ സ്വീകരിച്ച് അധ്യാപകർക്ക് ശരിയായ പരിശീലനം നൽകിവരുന്നുവെന്നും മന്ത്രി അറിയിച്ചു.

2024–25 അധ്യയന വർഷത്തിൽ 1, 3, 5, 7, 9 ക്ലാസുകൾക്കായി പുതിയ പാഠപുസ്തകങ്ങൾ അവതരിപ്പിച്ചു. 2025–26 ൽ, ഈ മാറ്റം 2, 4, 6, 8, 10 ക്ലാസുകളിലേക്കും വ്യാപിച്ചു. മൊത്തത്തിൽ, 443 പുതിയ പുസ്തകങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്, 3 കോടിയിലധികം പുസ്തകങ്ങൾ വിതരണം ചെയ്യാൻ തയ്യാറായിരിക്കുന്നു- സർക്കാരിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സൂക്ഷ്മമായ ആസൂത്രണത്തിനും പ്രതിബദ്ധതയ്ക്കും ഇത് ഒരു തെളിവാണെന്നു മന്ത്രി പറഞ്ഞു.

അതിലും ശ്രദ്ധേയമായ കാര്യം, 9–ാം ക്ലാസ് പരീക്ഷകൾക്ക് തൊട്ടുപിന്നാലെയും വേനൽക്കാല അവധിക്ക് മുമ്പും പത്താം ക്ലാസ് പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിച്ചുവെന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഓരോ കുട്ടിയും അവരുടെ ക്ലാസിനായി വിഭാവനം ചെയ്ത അക്കാദമിക് ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ, ഒരു സമഗ്രമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസ പദ്ധതി ആരംഭിച്ചു. 8–ാം ക്ലാസിലെ വിദ്യാർത്ഥികൾ എല്ലാവിഷയത്തിലും കുറഞ്ഞത് 30 ശതമാനം സ്കോർ എന്ന അടിസ്ഥാന അക്കാദമിക് നിലവാരം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച്, ഓരോ കുട്ടിയെയും പിന്തുണയ്ക്കുന്നതിനും ഉയർത്തുന്നതിനുമായി ഒരു വിശാലമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് – മിനിമം മാനദണ്ഡങ്ങൾ പാലിക്കുക മാത്രമല്ല, പൂർണ മികവാണ് ലക്ഷ്യമിടുന്നതെന്നു മന്ത്രി പറഞ്ഞു.

കുട്ടികൾ നേരിടുന്ന വൈകാരികവും മാനസികവുമായ വെല്ലുവിളികളും നമ്മൾ തിരിച്ചറിയുന്നു. ലഹരി ആസക്തിയും അക്രമവും വർദ്ധിച്ചുവരുന്ന ആശങ്കകളാണ്. സ്കൂളുകൾ ഉത്കണ്ഠയുടെ ഇടങ്ങളല്ല, സന്തോഷത്തിന്റെ ഇടങ്ങളായി മാറണം. ആകർഷകമായ കായിക പരിപാടികളും അർത്ഥവത്തായ വിദ്യാഭ്യാസ ഇടപെടലുകളും അവതരിപ്പിച്ചുകൊണ്ട് ഇത് പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ സംയോജിത ശ്രമങ്ങൾ ഇതിനകം ഫലം കാണുന്നുണ്ട്. പൊതുവിദ്യാഭ്യാസ മന്ത്രി എന്ന നിലയിൽ എഡിറ്റ് ചെയ്ത് തയ്യാറാക്കിയ "കുരുന്നെഴുത്തുകൾ'' എന്ന പുസ്തകത്തിൽ സമാഹരിച്ച നമ്മുടെ ഒന്നാം ക്ലാസ് വിദ്യാർത്ഥികളുടെ രചനകൾ വളരെയധികം കാര്യങ്ങൾ സംസാരിക്കുന്നു. അത് പുതിയ തലമുറയുടെ ആത്മവിശ്വാസമുള്ള ശബ്ദങ്ങളാണ്. വിദ്യാകിരണം മിഷൻ പ്രസിദ്ധീകരിച്ച ഈ പുസ്തകം നമ്മുടെ കുട്ടികൾക്കുള്ള അംഗീകാരമാണ്. ഇതിന് സംഭാവന നൽകിയ എല്ലാ കുട്ടികൾക്കും, അവർക്ക് പ്രോത്സാഹനം നൽകിയ അധ്യാപകർക്കും മാതാപിതാക്കൾക്കും മന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു. വിദ്യാർത്ഥികൾക്ക് നല്ലൊരു അവധിക്കാലവും അധ്യയന വർഷവും മന്ത്രി ആശംസിച്ചു.

വിദ്യാഭ്യാസവകുപ്പിന് അഭിമാനിക്കാൻ കഴിയും വിധത്തിലുള്ള പ്രവർത്തനമാണ് കഴിഞ്ഞ വർഷങ്ങളിലും ഈ വർഷവും വിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിൽ നടന്നു വരുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഭക്ഷ്യ–പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ പറഞ്ഞു. കൃത്യമായി പുസ്തകങ്ങൾ, യൂണിഫോം മറ്റു സൗകര്യങ്ങൾ ഒരുക്കാനുള്ള പരിശ്രമങ്ങൾ വിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിൽ നടന്നിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ആന്റണി രാജു എം.എൽ.എ, വഴുതക്കാട് വാർഡ് കൗൺസിലർ രാഖി രവികുമാർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഷാനവാസ് എസ്, എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ. ആർ. കെ. ജയപ്രകാശ്, കെ.ബി.പി.എസ് മാനേജിങ് ഡയറക്ടർ സുനിൽ ചാക്കോ, എസ്.എസ്.കെ സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർ എ. ആർ. സുപ്രിയ, കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത്, എസ്.ഐ.ഇ.ടി ഡയറക്ടർ ബി അബുരാജ്, മറ്റു ഉദ്യോഗസ്ഥർ, അധ്യാപകർ, രക്ഷിതാക്കൾ, വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഇടഞ്ഞുനിൽക്കുന്നവരെ ഒപ്പം നിർത്താൻ ബിജെപി; കൺവൻഷൻ പരമ്പര തുടങ്ങി

തൃശൂർ: കേരളത്തിന്റെ വികസനത്തിന് എന്ന ആഹ്വാനമുയർത്തി ബിജെപി സംഘടിപ്പിക്കുന്ന കൺവൻഷൻ പരമ്പരയ്ക്ക് തൃശൂരിൽ തുടക്കമായി. വികസിതകേരളം കൺവൻഷന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖരാണ് നേതൃത്വം നൽകുന്നത്. തൃശൂരിൽനിന്ന് ആരംഭിച്ച് മേയ് 10ന് പാലക്കാട് വെസ്റ്റ് ജില്ലാ കൺവൻഷനോടെ ആദ്യഘട്ടം സമാപിക്കുന്ന രീതിയിലാണ് കൺവൻഷൻ സജ്ജീകരിച്ചിരിക്കുന്നത്. 20 ദിവസം നീണ്ടുനിൽക്കുന്ന കൺവൻഷനിൽ കേരളത്തിന്റെ ഭാവി വികസന പദ്ധതികളും സ്വപ്നങ്ങളും വിശദമായി ചർച്ച ചെയ്യുമെന്ന് ബിജെപി നേതൃത്വം അറിയിച്ചു. പ്രമുഖ വ്യക്തികളെ സന്ദർശിക്കൽ, സ്ഥാപനങ്ങൾ, ബലിദാനികളുടെ വീടുകളുടെ സന്ദർശനം എന്നിവയും വികസന സെമിനാറുകളും കൺവൻഷന്റെ ഭാഗമാകുമെന്ന് ബിജെപി സംസ്ഥാന സെക്രട്ടറി എസ്. സുരേഷ് പറഞ്ഞു. ബിജെപി സംസ്ഥാന അധ്യക്ഷൻ ഈസ്റ്റർ ദിനത്തിൽ തലസ്ഥാനത്തെ പള്ളികൾ സന്ദർശിച്ചതും മറ്റ് ജില്ലകളിൽ ജില്ലാ അധ്യക്ഷന്മാർ ക്രൈസ്തവ ദേവാലയങ്ങൾ, പുരോഹിതർ എന്നിവരെ സന്ദർശിച്ചതുമെല്ലാം കൺവൻഷന്റെ മുന്നോടിയായിരുന്നു. വികസിത കേരളത്തിനുവേണ്ടി ആര് ആവശ്യപ്പെട്ടാലും അത് സ്വാഗതാർഹമാണെന്ന് ബിജെപി വ്യക്തമാക്കിയിട്ടുണ്ട്.

കേരളത്തിൽ നടക്കാനിരിക്കുന്ന തദ്ദേശഭരണ തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ടാണ് ബിജെപി വികസന കേരളം എന്ന മുദ്രാവാക്യമുയർത്തി കൺവൻഷൻ സംഘടിപ്പിച്ചിരിക്കുന്നത്. ഈ ദിവസങ്ങളിൽ 30 സംഘടനാ ജില്ലകളിൽ കൺവൻഷനുകൾ സംഘടിപ്പിക്കും.

സംസ്ഥാനത്തെ 30 സംഘടനാ ജില്ലകളിൽ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ച 600 ലേറെ ഭാരവാഹികൾക്ക് 'ടീം വികസിത കേരളം' എന്നാണ് പാർട്ടി അധ്യക്ഷൻ നൽകിയ പേര്. ഇതേ പേരിൽ കൺവൻഷനുകൾ സംഘടിപ്പിക്കുകയാണ് ബിജെപി തീരുമാനം.

തൃശൂർ സിറ്റി, റൂറൽ ജില്ലകളിലാണ് ഇന്നു തുടക്കം. രാവിലെ ജില്ലാ കോർ കമ്മിറ്റി യോഗങ്ങൾ നടന്നു. പഞ്ചായത്ത് തലം മുതലുള്ള ഭാരവാഹികളുടെ പ്രത്യേക കൺവൻഷൻ, അധ്യക്ഷന്റെ പവർ പോയിൻറ് പ്രസൻറേഷൻ എന്നിവയാണ് കൺവൻഷൻ അജണ്ട. ഓരോ തദ്ദേശ സ്ഥാപനങ്ങളെയും നിയമസഭാ മണ്ഡലങ്ങളെയും ജയസാധ്യത അനുസരിച്ച് എ, ബി, സി വിഭാഗങ്ങളാക്കി തിരിച്ചിട്ടുണ്ട്. എ യ്ക്കാണ് ജയസാധ്യത കൂടുതൽ. എയിൽ ജയം ഉറപ്പാക്കാനും മറ്റിടങ്ങളിൽ നേട്ടം ഉണ്ടാക്കാനുമുള്ള പ്ലാനുകൾ കൺവൻഷനിൽ മുന്നോട്ടുവയ്ക്കും. താഴെത്തട്ട് മുതൽ ഭാരവാഹികൾ ഓരോ മാസവും പ്രവർത്തന പുരോഗതി റിപ്പോർട്ട് അധ്യക്ഷന് കൈമാറണം. ഓരോ ജില്ലകളിലും പല കാരണങ്ങൾ കൊണ്ട് സജീവമല്ലാതെ മാറി നിൽക്കുന്ന പ്രാദേശിക നേതാക്കളെ അധ്യക്ഷൻ പ്രത്യേകമായി കാണും. മത -സാമുദായിക തോക്കൾ, പൗരപ്രമുഖർ എന്നിവരുമായി അധ്യക്ഷൻ യാത്രയിൽ കൂടിക്കാഴ്ച നടത്തും. പുതിയ അധ്യക്ഷന്റെ ആദ്യ വെല്ലുവിളി തദ്ദേശ തെരഞ്ഞെടുപ്പാണ് എന്നതുകൊണ്ടുതന്നെ പാർട്ടിക്ക് അകത്തുള്ള പരിഭവങ്ങളും പിണക്കങ്ങളും എത്രയും വേഗം പരിഹരിക്കുക എന്ന ലക്ഷ്യം കൂടി ഈ കൺവൻഷൻ പരമ്പരയിലൂടെ ലക്ഷ്യമിടുന്നുണ്ട്. ഓരോ ജില്ലകളിലും പ്രാദേശിക നേതാക്കളെ അധ്യക്ഷൻ പ്രത്യേകമായി കാണുന്നത് ഇതിന്റെ ഭാഗമാണ്. കൺവൻഷൻ പൂർത്തിയാകുന്നതോടെ സംസ്ഥാന ബിജെപിയിലെ പുനഃസംഘടനയും ഉണ്ടാകുമെന്നാണ് സൂചന. ജില്ലാ ഭാരവാഹികളെ തീരുമാനിച്ചപ്പോൾ പലയിടത്തും വേണ്ടത്ര പരിഗണന ലഭിച്ചില്ലെന്ന പരാതി മുരളീധര പക്ഷത്തിനും കൃഷ്ണദാസ് വിഭാഗത്തിനുമുണ്ട്. സംസ്ഥാന പുനഃസംഘടനയിൽ ആരൊക്കെയാകും പുതിയ ഭാരവാഹികൾ എന്നറിയാനും പാർട്ടി പ്രവർത്തകർ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്.

# സാംക്രമികേതര രോഗങ്ങളും കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങളും: കൂടിയാലോചനാ യോഗം 24 ന്

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷനും യുണിസെഫും സംയുക്തമായി സാംക്രമികേതര രോഗങ്ങളും കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങളും എന്ന വിഷയത്തിൽ ഏപ്രിൽ 24 ന് സംസ്ഥാനതല കൂടിയാലോചനായോഗം സംഘടിപ്പിക്കും. രാവിലെ 10ന് ഹോട്ടൽ അപ്പോളോ ഡിമോറയിൽ നടക്കുന്ന യോഗം ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ ചെയർപേഴ്സൺ കെ വി മനോജ്കുമാർ അദ്ധ്യക്ഷത വഹിക്കും. യുണിസെഫ് സോഷ്യൽ പോളിസി സ്പെഷ്യലിസ്റ്റ് കൗശിക് ഗാംഗുലി വിഷയം അവതരിപ്പിക്കും. കമ്മിഷൻ അംഗങ്ങളായ ബി മോഹൻകുമാർ, ജലജമോൾ റ്റി സി, സിസിലി ജോസഫ്, എൻ സുനന്ദ, സെക്രട്ടറി ഷൈനി ജോർജ് എന്നിവർ സന്നിഹിതരാകും. ഉദ്ഘാടന ശേഷം നടക്കുന്ന ചർച്ചകളിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ് അസിസ്റ്റന്റ് ഡയറക്ടറും എൻസിഡി/ എൻടിസിപി സ്റ്റേറ്റ് നോഡൽ ഓഫീസറുമായ ഡോ ബിപിൻ കെ ഗോപാൽ വിഷയം അവതരിപ്പിക്കും. കമ്മിഷൻ അംഗങ്ങളായ ഡോ. എഫ് വിൽസൺ, കെ കെ ഷാജു, ചൈൽഡ് ഹെൽത്ത് ആൻഡ് റെയർ ഡിസീസസ് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ രാഹുൽ യു ആർ എന്നിവർ മോഡറേറ്റർമാരാകും.

# ഇന്ത്യയിൽ വരാമെന്നു പ്രതീക്ഷിക്കുന്നു ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ!

ന്യൂഡൽഹി: ഇന്ത്യ സന്ദർശിക്കാനുള്ള ആഗ്രഹം ബാക്കിയാക്കിയാണു ഫ്രാൻസിസ് മാർപാപ്പയുടെ വിടപറയൽ. ഒരാഴ്ച നീണ്ട മ്യാൻമർ, ബംഗ്ലാദേശ് സന്ദർശനം പൂർത്തിയാക്കിയ ശേഷം ധാക്കയിൽനിന്നു വത്തിക്കാനിലേക്കുള്ള മടക്കയാത്രയ്ക്കിടെ 2017 ഡിസംബർ രണ്ടിനു നടത്തിയ പത്രസമ്മേളനത്തിൽ ദീപിക ലേഖകന്റെ ചോദ്യത്തിനു മറുപടിയായി പാപ്പാ ഇങ്ങനെ പറഞ്ഞു: “ഇന്ത്യയെ ഞാൻ സ്നേഹിക്കുന്നു.

2018ൽ ഇന്ത്യ സന്ദർശിക്കാനാകുമെന്നു പ്രതീക്ഷിക്കുന്നു. (പൊട്ടിച്ചിരിച്ചുകൊണ്ട്) ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ! ‘’ മാർപാപ്പ ഇന്ത്യ സന്ദർശിക്കണമെന്നു വിശ്വാസികളടക്കം ലക്ഷക്കണക്കിനാളുകൾ ആഗ്രഹിക്കുന്നു. 2018ൽ ഇന്ത്യയിൽ വരുമെന്നു പ്രതീക്ഷിക്കാമോ എന്നായിരുന്നു ചോദ്യം. “ദൈവിക പദ്ധതിയുടെ ഭാഗമാണെല്ലാം. വളരെ വിശാലമായ രാജ്യവും വൈവിധ്യവുമുള്ള സംസ്കാരവുമാണ് ഇന്ത്യയുടേത്.

ഒരുപക്ഷേ, ഏറെ സ്നേഹിക്കുന്ന ഇന്ത്യയിലേക്കുള്ള പര്യടനത്തിനായിത്തന്നെ ഒരു പ്രത്യേക യാത്ര ആവശ്യമാണ്. വലിയ രാജ്യമായതിനാൽ ഇന്ത്യയുടെ തെക്കും വടക്കുകിഴക്കും മധ്യഭാരതത്തിലുമെല്ലാം എനിക്കു പോകേണ്ടിവരും”. മാർപാപ്പ വിശദീകരിച്ചു.

ബംഗ്ലാദേശിൽനിന്ന് ഇറ്റലിയിലേക്കുള്ള യാത്രയ്ക്കിടെ ഇന്ത്യക്കു മുകളിലൂടെ പേപ്പൽ വിമാനം പറക്കുന്പോഴായിരുന്നു ഫ്രാൻസിസ് മാർപാപ്പ ഇക്കാര്യം പറഞ്ഞത്. ഇന്ത്യയിൽ വരാനായിരുന്നു ആദ്യം ആലോചിച്ചതെന്നും എന്നാൽ ഇന്ത്യയിലെ സർക്കാരിന്റെ തീരുമാനം വൈകിയതിനാൽ മ്യാൻമറിലേക്കു പോകാൻ തീരുമാനിക്കുകയായിരുന്നുവെന്നുമുള്ള മാർപാപ്പയുടെ വെളിപ്പെടുത്തലിൽ എല്ലാമുണ്ട്.

തൊട്ടടുത്ത രാജ്യത്തെത്തിയിട്ടും ലോകസമാധാനത്തിന്റെ അപ്പസ്തോലനായ ഫ്രാൻസിസ് മാർപാപ്പയുടെ ഇന്ത്യ സന്ദർശനത്തിനു പച്ചക്കൊടി കാട്ടാൻ കേന്ദ്രം മടിച്ചുവെന്നതു ദുഃഖകരമായി. കേരളത്തിലടക്കം ഇന്ത്യയിൽ എല്ലായിടവും സന്ദർശിക്കാൻ ആഗ്രഹമുണ്ടെന്നും അതിനായി വീണ്ടും വരാമെന്നാണ് പ്രതീക്ഷിക്കുന്നതെന്നുമുള്ള പാപ്പായുടെ വാക്കുകൾ 140 കോടി ഇന്ത്യക്കാരുടെ മനസിൽ വിങ്ങലായി തുടരും.

# കുടുംബശ്രീ കമ്യൂണിക്കോർ പദ്ധതിക്ക് തുടക്കം

തിരുവനന്തപുരം: തദ്ദേശീയ മേഖലയിലെ കുട്ടികൾക്കും യുവാക്കൾക്കും ഇംഗ്ലീഷ് ഭാഷാ നൈപുണ്യം നൽകുന്നതിനായി കുടുംബശ്രീ നടപ്പാക്കുന്ന ’കമ്യൂണിക്കോർ’ പദ്ധതിക്ക് തുടക്കമായി. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം വർധിപ്പിച്ചു കൊണ്ട് ഗുണമേൻമയുള്ള ഉന്നതവിദ്യാഭ്യാസവും തൊഴിൽ അവസരങ്ങളും ഒപ്പം ഡിജിറ്റൽ സാക്ഷരതയും ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിൻറെ ഭാഗമായി ജില്ലകളിൽ തിരഞ്ഞെടുത്ത കുട്ടികൾക്കായി പരിശീലന പരിപാടി ആരംഭിച്ചു. മൂന്നു ദിവസമാണ് പരിശീലനം. തുടർന്ന് എല്ലാ മാസവും തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഇവർക്ക് പരിശീലനം ലഭ്യമാക്കും. പദ്ധതി ഗുണഭോക്താക്കളായ ആയിരത്തോളം കുട്ടികൾക്ക് ഇതിൻറെ പ്രയോജനം ലഭിക്കും.

നിലവിൽ പട്ടികവർഗ പ്രത്യേക പദ്ധതി നടപ്പാക്കുന്ന അട്ടപ്പാടി, പറമ്പിക്കുളം(പാലക്കാട്), തിരുനെല്ലി, നൂൽപ്പുഴ(വയനാട്), ആറളം ഫാം(കണ്ണൂർ), നിലമ്പൂർ(മലപ്പുറം), കോടഞ്ചേരി (കോഴിക്കോട്), കുട്ടമ്പുഴ (എറണാകുളം), മറയൂർ, കാന്തല്ലൂർ, വട്ടവട(ഇടുക്കി) കൊറഗ പ്രത്യേക പദ്ധതി (കാസർകോട്), കാടർ പ്രത്യേക പദ്ധതി(തൃശൂർ), മലൈപണ്ടാരം പ്രത്യേക പദ്ധതി(പത്തനംതിട്ട) എന്നിവിടങ്ങളിൽ നിന്നും തിരഞ്ഞെടുത് കുട്ടികളാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നത്. ഒരു വർഷമാണ് പരിശീലന പരിപാടിയുടെ ദൈർഘ്യം. നാൽപ്പതോളം അധ്യാപകരുടെ നേതൃത്വത്തിലായിരിക്കും പരിശീലനം നൽകുക.

തദ്ദേശീയ മേഖലയിൽ അധിവസിക്കുന്നവർക്ക് മലയാളം ഇംഗ്ലീഷ് ഭാഷകൾ മനസിലാക്കുന്നതിന് പ്രയാസം നേരിടുന്നത് വിദ്യാഭ്യാസ രംഗത്തും തൊഴിൽമേഖലയിലും അവരുടെ മുന്നേറ്റത്തെ സാരമായി ബാധിക്കുന്നുണ്ട്. കമ്യൂണിക്കോർ പരിശീലന പദ്ധതി നടപ്പാക്കുന്നതോടെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയും. കുടുംബശ്രീ സംസ്ഥാന മിഷനാണ് പദ്ധതി വിഭാവനം ചെയ്തു നടപ്പാക്കുന്നത്.

### അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന വനിതാ വികസന കോർപറേഷന്റെ ഫിനിഷിങ് സ്കൂളായ റീച്ചിൽ എൻ.എസ്.ഡി.സി അംഗീകൃത കോഴ്സുകളായ പൈത്തൺ പ്രോഗ്രാമിങ്, ഡാറ്റാ സയൻസ് ഓൺലൈൻ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു ബാച്ചിൽ 25 പേർക്കാണ് അവസരം. പ്ലസ്ടു ഡിഗ്രി കഴിഞ്ഞവർക്ക് പൈത്തൺ പ്രോഗ്രാമിങ്ങിനും ഡിഗ്രി കഴിഞ്ഞവർക്ക് ഡാറ്റാ സയൻസിനും അപേക്ഷിക്കാം. അപേക്ഷിക്കേണ്ട അവസാന തീയതി മേയ് 15. വിശദ വിവരങ്ങൾക്ക് : 9496015002, 9496015051

# അണ്ണാമലൈയെ രാജ്യസഭയിലെത്തിക്കാൻ നീക്കം; ആന്ധ്രയിൽ നിന്ന് മത്സരിച്ചേക്കും

ന്യൂഡൽഹി: ബിജെപി തമിഴ്നാട് മുൻ അധ്യക്ഷൻ കെ. അണ്ണാമലൈയെ രാജ്യസഭയിലെത്തിക്കാൻ നീക്കം. ഇതു സംബന്ധിച്ച് ടിഡിപി അധ്യക്ഷൻ ചന്ദ്രബാബു നായിഡുവുമായി ബിജെപി നേതാക്കൾ സംസാരിച്ചുവെന്നാണ് സൂചന.

ആന്ധ്രയിൽ നിന്ന് അണ്ണാമലൈയെ മത്സരിപ്പിക്കാനാണ് നീക്കം. തമിഴ്നാട്ടിൽ നിന്നും അണ്ണാമലൈയെ നിലവിൽ രാജ്യസഭയിലേക്ക് എത്തിക്കാൻ സാധിക്കില്ല. അതിനാലാണ് ആന്ധ്രയിൽ നിന്നുള്ള സാധ്യതകൾ തേടുന്നത്. സംസ്ഥാനാധ്യക്ഷസ്ഥാനത്തുനിന്ന് അണ്ണാമലൈയെ മാറ്റിയതിൽ ബിജെപി പ്രവർത്തകർക്കിടയിൽ അതൃപ്തിയുണ്ട്. ഇതു പരിഗണിച്ചുകൊണ്ട് അദ്ദേഹത്തെ ദേശീയ നേതൃത്വത്തിലേക്കുൾപ്പടെ കൊണ്ടുവരാൻ നീക്കമുണ്ടായിരുന്നു.അതിനിടയിലാണ് രാജ്യസഭാ പ്രവേശനം നൽകാൻ നീക്കം നടക്കുന്നത്. 2021 ജൂലൈയിലാണ് അണ്ണാമലൈ ബിജെപി സംസ്ഥാന അധ്യക്ഷ പദവിയിലെത്തിയത്.

# ‘അച്ഛനെ കൊന്നതുപോലെ മകനെയും കൊല്ലും’; ബാബാ സിദ്ധിഖിയുടെ മകന് വധഭീഷണി

മുംബൈ: അന്തരിച്ച നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി (എൻസിപി) നേതാവും ബാബ സിദ്ദിഖിയുടെ മകനുമായ സീഷാൻ സിദ്ദിഖിന് വധഭീഷണി. ഇമെയിൽ വഴിയാണ് തനിക്ക് വധിഭീഷണി ലഭിച്ചതെന്ന് സീഷാൻ പറയുന്നു.

അച്ഛൻ കൊല്ലപ്പെട്ടതുപോലെ തന്നെ മകനും കൊല്ലപ്പെടുമെന്നാണ് ഭീഷണി സന്ദേശത്തിലുള്ളത്. 10 കോടി രൂപ ആവശ്യപ്പെട്ടതായും മുംബൈ പോലീസ് പറയുന്നു. ഓരോ ആറുമണിക്കൂറിലും ഇത്തരത്തിലുള്ള ഭീഷണിസന്ദേശങ്ങൾ അയച്ചുകൊണ്ടിരിക്കുമെന്നും ഇ-മെയിൽ സന്ദേശത്തിലുണ്ട്.

സീഷാൻ സിദ്ദിഖിയുടെ പരാതിക്ക് പിന്നാലെ പോലീസ് വസതിയിലെത്തി മൊഴി രേഖപ്പെടുത്തി. അന്വേഷണത്തിന്റെ കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല.

2024 ഒക്ടോബർ 12 നാണ് ബാബാ സിദ്ദിഖി വെടിയേറ്റു കൊല്ലപ്പെടുന്നത്. സീഷൻ സിദ്ദിഖിയുടെ ബാന്ദ്രയിലെ ഓഫീസിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള കൂടിയാലോചനയിൽ പങ്കെടുത്തു മടങ്ങുകയായിരുന്നു ബാബാ സിദ്ദിഖി.

ഓഫീസിൽ നിന്നിറങ്ങി കാർ പാർക്കു ചെയ്ത് ഖേർവാഡി ജംഗ്ഷനിലേക്ക് നടക്കുന്നതിനിടയിൽ ഓട്ടോറിക്ഷയിൽ വന്ന അക്രമികൾ അദ്ദേഹത്തിനുനേർക്ക് വെടിയുതിർക്കുകയായിരുന്നു. സംഭവത്തിൽ മുഖ്യപ്രതി ശിവകുമാർ ഗൗതം ഉൾപ്പെടെയുള്ളവരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. സംഭവത്തിൽ ബാന്ദ്ര പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# ബൈക്കുകൾ തമ്മിൽ കൂട്ടിയിടിച്ച് അപകടം; രണ്ടുപേർ മരിച്ചു

കൊച്ചി: അമിതവേഗത്തിലെത്തിയ ബൈക്ക് എതിരേ വന്ന ബൈക്കിലിടിച്ച് രണ്ട് യുവാക്കൾ മരിച്ചു. കോട്ടുവള്ളി -പറവൂർ റോഡിൽ കോട്ടുവള്ളി സൗത്ത് നാടകശാലയ്ക്ക് സമീപമാണ് സംഭവം. വരാപ്പുഴ കൊല്ലംപറമ്പിൽ വീട്ടിൽ കെ. എസ്. രഞ്ജിത്ത്, കോട്ടയം മുത്തോലി സ്വദേശി ജോയൽ ജോയ് എന്നിവരാണ് മരിച്ചത്. തിങ്കളാഴ്ച രാത്രി പത്തോടെയാണ് സംഭവം. കൂട്ടിയിടിയെത്തുടർന്ന് റോഡിലേക്ക് തെറിച്ചുവീണ യുവാക്കളെ ചേരാനല്ലൂരെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

അപകടത്തിൽപ്പെട്ട ബൈക്കിലിടിക്കാതിരിക്കാൻ വെട്ടിച്ചുമാറ്റുന്നതിനിടെ സ്കൂട്ടർ മതിലിലിടിച്ച് മറ്റൊരു യുവാവിനും പരിക്കേറ്റു. നോർത്ത് പറവൂർ കിഴക്കേപ്രം പഴൂപറമ്പത്ത് അർജുൻ സുബ്രഹ്മണ്യൻ (29)എന്നയാൾക്കാണ് കാലിനു പരിക്കേറ്റത്. അപകടം നടക്കുമ്പോൾ പ്രദേശത്ത് വൈദ്യുതി നിലച്ചിരിക്കുകയായിരുന്നു. ഉച്ചത്തിലുള്ള ശബ്ദം കേട്ട് സമീപത്തെ വീട്ടുകാർ എത്തുമ്പോൾ യുവാക്കൾ റോഡിന് നടുവിലായി ചോരയിൽ കുളിച്ചുകിടക്കുകയായിരുന്നു. പറവൂരിൽനിന്ന് പോലീസെത്തി തുടർനടപടികൾ സ്വീകരിച്ചു. അപകടത്തിൽപ്പെട്ട വാഹനങ്ങളുടെ ആർസി ബുക്കിൽനിന്നാണ് പോലീസ് മരിച്ചവരുടെ വിവരം ശേഖരിച്ചത്.

# ഇന്ത്യ – അമേരിക്ക വ്യാപാര കരാർ; നിർണായക പുരോഗതിയെന്ന് വിദേശകാര്യ മന്ത്രാലയം

ന്യൂഡൽഹി: ഇന്ത്യ – അമേരിക്ക വ്യാപാര കരാറിൽ നിർണായക പുരോഗതിയെന്ന് വിദേശകാര്യ മന്ത്രാലയം. യുഎസ് വൈസ് പ്രസിഡൻറ് ജെ. ഡി. വാൻസുമായുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കൂടികാഴ്ചയ്ക്ക് പിന്നാലെയാണ് വിദേശകാര്യ മന്ത്രാലയം നിലപാട് വ്യക്തമാക്കിയത്.ഡൽഹി ലോക് കല്യാൺ മാർഗിലെ പ്രധാന മന്ത്രിയുടെ ഔദ്യോഗിക വസതിയിലായിരുന്ന കൂടിക്കാഴ്ച. ജെ. ഡി. വാൻസിനൊപ്പം ഭാര്യയും ഇന്ത്യൻ വംശജയുമായ ഉഷ വാൻസും മക്കളും ഒപ്പമുണ്ടായിരുന്നു. മോദി ജെ. ഡി. വാൻസിന്റെ മക്കൾക്ക് മയിൽപ്പീലി സമ്മാനിച്ചു.

കൂടിക്കാഴ്ചയിൽ ഇന്ത്യ – അമേരിക്ക വ്യാപാര കരാറടക്കം നിർണായക വിഷയങ്ങൾ ചർച്ചയായി. ട്രംപ് ഈ വർഷം ഇന്ത്യ സന്ദർശിച്ചേക്കുമെന്ന് യുഎസ് വൈസ് പ്രസിഡൻറ് മോദിയെ അറിയിച്ചു. നാല് ദിവസത്തെ സന്ദർശനം പൂർത്തിയാക്കി വ്യാഴാഴ്ച ജെ. ഡി. വാൻസ് മടങ്ങും.

# കനാലിൽ നിന്നും കണ്ടെത്തിയ പ്ലാസ്റ്റിക് ബാഗിൽ കൗമാരക്കാരിയുടെ മൃതദേഹം

ലക്നോ: ഉത്തർപ്രദേശിൽ കനാലിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ പ്ലാസ്റ്റിക് ബാഗിൽ നിന്നും കൗമാരക്കാരിയുടെ മൃതദേഹം കണ്ടെത്തി. ഗാസിയാബാദിലെ മസൂരി ഗംഗാ കനാലിൽ നിന്നുമാണ് അജ്ഞാത മൃതദേഹം കണ്ടെത്തിയത്. മൃതദേഹത്തിന് 16-17 വയസ് പ്രായം തോന്നിക്കും. ശരീരത്തിൽ പരിക്കുകളൊന്നുമില്ല. മൃതദേഹത്തിന് രണ്ട്, മൂന്ന് ദിവസത്തെ പഴക്കമുണ്ടെന്ന് പോലീസ് വ്യക്തമാക്കി.

സമീപത്തുള്ള റെയിൽവേ പാലത്തിന് മുകളിലൂടെ കടന്നുപോകുന്ന ട്രെയിനിൽ നിന്നോ അല്ലെങ്കിൽ ഏതെങ്കിലും വാഹനത്തിൽ നിന്നോ മൃതദേഹം കനാലിലേക്ക് വലിച്ചെറിഞ്ഞതാകാനാണ് സാധ്യതയെന്നും പോലീസ് കൂട്ടിച്ചേർത്തു.മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി അയച്ചു. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

### ഇൻസ്പെയർ മത്സരവും പ്രദർശനവും 25 ന്

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും കേരള സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന ഇൻസ്പെയർ അവാർഡ്സ്-മനാക്-സംസ്ഥാനതല പ്രദർശനവും മത്സരവും ഏപ്രിൽ 25 ന് കോഴിക്കോട് നടക്കാവ് ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ ഫോർ ഗേൾസിൽ നടക്കും. മൂന്ന് മേഖലകളിലായി നടത്തിയ ജില്ലാതല മത്സരത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 31 വിദ്യാർഥികളാണ് സംസ്ഥാനതലത്തിൽ മത്സരിക്കുന്നത്. സംസ്ഥാനതല മത്സരത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾ ഏപ്രിൽ 25 രാവിലെ 9 ന് സ്കൂളിൽ റിപ്പോർട്ട് ചെയ്യണം.

# തിരുവാതുക്കൽ ഇരട്ടക്കൊലപാതകം; വീട്ടിലെ രണ്ട് നായ്ക്കളും അവശനിലയിൽ

കോട്ടയം: തിരുവാതുക്കലിൽ ഇരട്ടക്കൊലപാതകം നടന്ന വീട്ടിലെ രണ്ട് നായ്ക്കളും അവശനിലയിൽ. ഇവയെ രാത്രി മയക്കിക്കിടത്തിയ ശേഷമാണ് കൊലപാതകം നടത്തിയതെന്നാണ് സൂചന. തിരുവാതുക്കൽ സ്വദേശിയായ പ്രമുഖ വ്യവസായി വിജയകുമാറും ഭാര്യ മീരയുമാണ് കൊല്ലപ്പെട്ടത്. തിരുവാതുക്കലിലെ ഇവരുടെ വീടിനുള്ളിലെ രണ്ട് മുറികളിലായി വസ്ത്രങ്ങൾ ഇല്ലാത്ത നിലയിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. വീട്ടിലെ ജോലിക്കാരി രാവിലെ എത്തിയപ്പോഴാണ് രണ്ടു പേരെയും മരിച്ച നിലയിൽ കണ്ടെത്തിയത്. തുടർന്ന് ഇവർ അയൽവാസികളെ വിവരം അറിയിക്കുകയായിരുന്നു. രക്തം വാർന്ന നിലയിലായിരുന്നു മൃതദേഹം. മുഖത്ത് അടക്കം ആയുധം ഉപയോഗിച്ചുള്ള മുറിവുകളുണ്ട്. മൃതദേഹത്തിന് സമീപത്തുനിന്ന് ആയുധങ്ങളും കണ്ടെടുത്തിട്ടുണ്ട്. കോട്ടയം നഗരത്തിൽ പ്രവർത്തിക്കുന്ന ഇന്ദ്രപ്രസ്ഥ എന്ന ഓഡിറ്റോറിയത്തിന്റെയും മറ്റ് ബിസിനസ് സ്ഥാപനങ്ങളുടെയും ഉടമയായ വ്യവസായിയാണ് മരിച്ച വിജയകുമാർ.

# മാലിന്യം ശേഖരിക്കുന്നതിന്റെ മറവിൽ മോഷണം; രണ്ട് സ്ത്രീകൾ അറസ്റ്റിൽ

കോൽക്കത്ത: മാലിന്യം ശേഖരിക്കുന്നതിന്റെ മറവിൽ മോഷണം നടത്തുന്ന രണ്ടു സ്ത്രീകളെ പോലീസ് അറസ്റ്റ് ചെയ്തു. പശ്ചിമ ബംഗാളിലെ സിലിഗുരിയിൽ നടന്ന സംഭവത്തിൽ റിങ്കി ദേവി, ഉഷാ ദേവി എന്നിവരാണ് അറസ്റ്റിലായത്.

കഴിഞ്ഞ കുറച്ച് ദിവസങ്ങളായി പ്രധാനനഗർ പ്രദേശത്ത് നിരവധി മോഷണ പരാതികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഏപ്രിൽ 13ന് ഒരു ഇലക്ട്രോണിക് കടയുടെ മേൽക്കൂര തകർത്ത് അകത്ത് കയറിയ മോഷ്ടാക്കൾ രണ്ടു ലക്ഷം രൂപയുടെ സാധനങ്ങൾ കവർന്നിരുന്നു.

സിലിഗുരിയിൽ സ്ത്രീകളുടെ നേതൃത്വത്തിലുള്ള മോഷണ സംഘം പ്രവർത്തിക്കുന്നുണ്ടെന്ന് പോലീസിന് വിവരം ലഭിച്ചിരുന്നു. ഇവരെ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് ഇരുവരും കുടുങ്ങിയത്.

# പശ്ചിമബംഗാളിൽ അയൽവാസിയെ കൊലപ്പെടുത്തിയ ശേഷം മുങ്ങി; പ്രതി വടകരയിൽ പിടിയിൽ

കോഴിക്കോട്: പശ്ചിമബംഗാളിൽ അയൽവാസിയെ കൊലപ്പെടുത്തിയ ശേഷം മുങ്ങിയ പ്രതി കേരളത്തിൽ പിടിയിൽ. പശ്ചിമ ബംഗാൾ സ്വദേശി ജെന്നി റഹ്മാനാണ് പിടിയിലായത്. വടകര ചോമ്പാലയിൽനിന്നാണ് ഇയാളെ പിടികൂടിയത്. ഇവർ ഇവിടെയുണ്ടെന്ന് വിവരം ലഭിച്ചതോടെ ബംഗാൾ പോലീസ് വടകര പോലീസിന്റെ സഹായം തേടുകയായിരുന്നു. അയൽവാസിയെ അടിച്ച് കൊലപ്പെടുത്തിയ ഇയാൾ അമ്മയേയും കൊണ്ട് കേരളത്തിലേക്ക് മുങ്ങുകയായിരുന്നു. അമ്മയും കേസിൽ പ്രതിയാണ്.

ഒരു വർഷം മുമ്പാണ് കൊലപാതകം നടന്നത്. പിന്നീട് നിർമാണതൊഴിലാളികളായാണ് ഇവർ കേരളത്തിൽ ജോലി ചെയ്തിരുന്നത്. വ്യക്തിവൈരാഗ്യത്തെ തുടർന്നാണ് അയൽവാസിയെ കൊലപ്പെടുത്തിയതെന്ന് പോലീസ് അറിയിച്ചു.

# ആടുകളെ മോഷ്ടിച്ചുവെന്ന് സംശയിച്ച് യുവാവിനെ ജനക്കൂട്ടം തല്ലിക്കൊന്നു

ദിസ്പുർ: ആസമിലെ ദിബ്രുഗഡിൽ ആടുകളെ മോഷ്ടിച്ചുവെന്ന് സംശയിച്ച് ഒരാളെ ജനക്കൂട്ടം തല്ലിക്കൊന്നു. ആക്രമണത്തിൽ ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റു.

തിങ്കളാഴ്ച രാവിലെ 10: 30 ഓടെ ബോകുൽ ടീ എസ്റ്റേറ്റിലെ ഹാതിഗഡ് ബോക്പാറ ഡിവിഷനിലാണ് സംഭവം നടന്നത്. ഇരുവരുടെയും സ്കൂട്ടർ ജനക്കൂട്ടം കത്തിച്ചതായി പോലീസ് പറഞ്ഞു. മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ല. പരിക്കേറ്റ ജ്യോതിർമോയ് ഹസാരിക എന്നയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ദിബ്രുഗഡ് ഡെപ്യൂട്ടി കമ്മീഷണർ ബിക്രം കൈരിയും പോലീസ് സൂപ്രണ്ട് രാകേഷ് റെഡ്ഡിയും സ്ഥലം സന്ദർശിച്ചു. ക്രമസമാധാന പാലനത്തിനായി മേഖലയിൽ കൂടുതൽ പോലീസിനെ വിന്യസിച്ചു. കൂടുതൽ അന്വേഷണം പുരോഗമിക്കുകയാണെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

# കാണാതായ കുട്ടിയുടെ മൃതദേഹം സെപ്റ്റിക് ടാങ്കിൽ; ബന്ധു പിടിയിൽ

ഭുവനേശ്വർ: ഒഡീഷയിൽ കാണാതായ പ്രായപൂർത്തിയാകാത്ത ആൺകുട്ടിയുടെ മൃതദേഹം സെപ്റ്റിക് ടാങ്കിൽ നിന്നും കണ്ടെത്തി. പുരി ജില്ലയിലെ ഡെലംഗ ബ്ലോക്കിലെ രത്തൻപൂർ ഗ്രാമത്തിലാണ് സംഭവം. ആശിർബാദ് സാഹൂ(11) ആണ് കൊല്ലപ്പെട്ടത്. സംഭവവുമായി ബന്ധപ്പെട്ട് കുട്ടിയുടെ അകന്ന ബന്ധുവായ പ്രവാകർ സാഹു എന്നയാളെ പോലീസ് കസ്റ്റഡിയിലെടുത്തു. ഏപ്രിൽ 15 മുതലാണ് കുട്ടിയെ കാണാതായത്. രോഷാകുലരായ ഗ്രാമവാസികൾ പ്രവാകറിന്റെ വീട് ആക്രമിച്ചു. പ്രതിക്ക് വധശിക്ഷ നൽകണമെന്നും ആളുകൾ ആവശ്യപ്പെട്ടു. ഏപ്രിൽ 15 ന് വൈകുന്നേരം ഡെലങ്ക പോലീസ് പരിധിയിലുള്ള രത്തൻപൂർ ഗ്രാമത്തിലെ വീടിനടുത്ത് കളിച്ചുകൊണ്ടിരിക്കെയാണ് കുട്ടിയെ കാണാതായത്. തുടർന്ന് കുടുംബാംഗങ്ങൾ ഡെലംഗ പോലീസ് സ്റ്റേഷനിൽ പരാതി നൽകി. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പ്രവാകർ സാഹുവിനെ പോലീസ് പിടികൂടിയത്.

# ജെ. ഡി. വാൻസ് താജ്മഹൽ സന്ദർശിക്കും; ആഗ്രയിൽ കനത്ത സുരക്ഷ

ന്യൂഡൽഹി: യുഎസ് വൈസ് പ്രസിഡൻറ് ജെ. ഡി. വാൻസ് താജ്മഹൽ സന്ദർശിക്കുന്നതിന്റെ ഭാഗമായി ആഗ്രയിൽ കനത്ത പോലീസ് സുരക്ഷ.

സുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായി സിഐഎസ്എഫ്, പുരാവസ്തു വകുപ്പ്, ഇന്ത്യൻ വ്യോമസേന, പോലീസ് എന്നീ വിഭാഗങ്ങളിലെ മേധാവിമാരുമായി യോഗം നടന്നുവെന്ന് സിറ്റി ഡിസിപി സോനം കുമാർ അറിയിച്ചു.

നാല് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി തിങ്കളാഴ്ചയാണ് ജെ. ഡി. വാൻസും കുടുംബവും ഇന്ത്യയിലെത്തിയത്. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി.

# ആമയൂർ കൂട്ടക്കൊലക്കേസ്; പ്രതി റെജികുമാറിന്റെ വധശിക്ഷ സുപ്രീംകോടതി റദ്ദാക്കി

ന്യൂഡൽഹി: പട്ടാമ്പി ആമയൂർ കൂട്ടക്കൊലപാതക കേസിൽ പ്രതി റെജി കുമാറിന്റെ വധശിക്ഷ സുപ്രിംകോടതി റദ്ദാക്കി. ഭാര്യയേയും നാല് മക്കളെയും കൊലപ്പെടുത്തിയ കേസിലാണ് നടപടി. വധശിക്ഷ ശരിവച്ച ഹൈക്കോടതി വിധിയാണ് സുപ്രീംകോടതി റദ്ദാക്കിയത്. ജയിലിലെ നല്ല നടപ്പ് പരിഗണിച്ചാണ് നടപടി. വധശിക്ഷ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് റെജികുമാർ നൽകിയ ഹർജിയിലാണ് കോടതി ഉത്തരവ്. പ്രതിക്ക് മാനസാന്തരം സംഭവിച്ചെന്നാണ് കോടതിയുടെ വിലയിരുത്തൽ. ജീവിതാന്ത്യം വരെ തടവ് ശിക്ഷയാണ് പ്രതിക്ക് സുപ്രീംകോടതി വിധിച്ചത്. 2008 ജൂലൈയിലാണ് കേസിനാസ്പദമായ സംഭവങ്ങൾ നടന്നത്. ഭാര്യ ലിസി, മക്കളായ അമലു(12)

അമൽ(10), അമല്യ(ഒന്പത്), അമന്യ(മൂന്ന്) എന്നിവരെ റെജികുമാർ ആസൂത്രിതമായി കൊലപ്പെടുത്തുകയായിരുന്നു. മൂത്ത മകളെ ലൈംഗികമായി പീഡിപ്പിക്കുകയും ചെയ്തിരുന്നു. ഭാര്യയെയും മക്കളെയും മൂന്നു ഘട്ടമായി ശ്വാസം മുട്ടിച്ചാണ് കൊലപ്പെടുത്തിയത്.

# കുട്ടികളിലെ പെരുമാറ്റ വൈകല്യം: നിഷ് ഓൺലൈൻ സെമിനാർ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആൻഡ് ഹിയറിങ്ങും (നിഷ്) സംസ്ഥാന സാമൂഹ്യ നീതി വകുപ്പും സംയുക്തമായി നടത്തുന്ന നിഡാസ് വെബ്ബിനാറിന്റെ ഭാഗമായി കുട്ടികളിലെ പെരുമാറ്റ വൈകല്യം: മാതാപിതാക്കൾക്കും അധ്യാപകർക്കുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്ന വിഷയത്തിൽ ഓൺലൈൻ സെമിനാർ നടത്തും. ഏപ്രിൽ 25ന് രാവിലെ 10.30 മുതൽ 11.30 വരെ ഗൂഗിൾ മീറ്റിംഗിലൂടെയും യൂട്യൂബിലൂടെയും തത്സമയ സംപ്രേക്ഷണത്തോടെ നടക്കുന്ന മലയാളം വെബ്ബിനാറിന് റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റും ഓയിസ്റ്റർ ചൈൽഡ് ഡവലപ്മെന്റ് സെന്റർ സഹസ്ഥാപകയുമായ ആതിര രാജ് നേതൃത്വം നൽകും. സെമിനാർ ലിങ്ക്: https://meet.google.com/bip-juco-cer. കൂടുതൽ വിവരങ്ങൾക്ക്: 0471-2596919, 8848683261.

# സൗജന്യ പി.എസ്.സി പരീക്ഷാ പരിശീലനം

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ എറണാകുളം കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിലുള്ള പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് ആറു മാസം ദൈർഘ്യമുള്ള ഡിഗ്രിതല പി.എസ്.സി പരീക്ഷയ്ക്ക് സൗജന്യ പരിശീലനം മേയ് 22ന് ആരംഭിക്കും. ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള ഒ.ബി.സി/ ഒ.ഇ.സി വിഭാഗത്തിൽപ്പെട്ടവർക്ക് 30 ശതമാനം സീറ്റ് അനുവദനീയം. തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്ക് നിയമാനുസൃത സ്റ്റൈപന്റ് ലഭിക്കും. അപേക്ഷകർ ഫോട്ടോ, ജാതി, വരുമാനം എന്നിവയുടെ സർട്ടിഫിക്കറ്റ് സഹിതം മേയ് 17ന് വൈകിട്ട് 4.30ന് മുമ്പായി ഈ ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭിക്കും. വിശദ വിവരങ്ങൾക്ക്: 0484 2623304.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പാഴ്‌വസ്തു സംഭരണ കേന്ദ്രം സ്ഥാപിച്ചതിലൂടെ നിയമസഭ നൽകുന്നത് വലിയ സന്ദേശം : മന്ത്രി

നിയമസഭാ സമുച്ചയ പരിസരത്ത് പാഴ്വസ്തു സംഭരണ കേന്ദ്രം സ്ഥാപിച്ചതിലൂടെ സമൂഹത്തിന് വലിയ സന്ദേശമാണ് നിയമസഭ നൽകുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് പറഞ്ഞു. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി കേരളത്തിൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ പാഴ്വസ്തു സംഭരണ കേന്ദ്രങ്ങളുടെ എണ്ണത്തിൽ മൂന്നിരട്ടി വർദ്ധനവുണ്ടായി. എന്നാൽ ചിലയിടങ്ങളിൽ മാലിന്യ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിൽ എതിർപ്പുകൾ ഉണ്ടാകുന്നുണ്ട്. സംസ്ഥാനത്തെ 1,034 തദ്ദേശ സ്ഥാപനങ്ങളിൽ പത്തോളം സ്ഥാപനങ്ങളിൽ മാത്രമാണ് ഇത്തരം കേന്ദ്രങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാത്തത്. കേരളത്തിലെ ജനാധിപത്യത്തിന്റെ ആസ്ഥാനമായ നിയമസഭാ ക്യാംപസിനുള്ളിൽ തന്നെ പാഴ്വസ്തു സംഭരണ കേന്ദ്രം ആരംഭിച്ചത് അത്തരം എതിർപ്പുകൾക്കുള്ള മറുപടിയാണ്. നിയമസഭാ ക്യാമ്പസിൽ നിർമ്മിച്ച പാഴ്വസ്തു സംഭരണ കേന്ദ്രത്തിന്റെ (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

സർക്കാരിന്റെ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ക്ലീൻ കേരള കമ്പനിയാണ് പാഴ്വസ്തു സംഭരണ കേന്ദ്രം നിർമ്മിച്ചത്. നിയമസഭാ സമുച്ചയത്തിലെ വിവിധ ഓഫിസുകളിൽ നിന്നു ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ 550 ചതുരശ്ര അടി വിസ്തീർണമുള്ള എം സി എഫ് കേന്ദ്രത്തിൽ സംഭരിക്കും.

സർക്കാർ സമുച്ചയങ്ങളിൽ പാഴ്വസ്തു സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 4.5 കോടി രൂപയും സംസ്കരണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 49 കോടി രൂപയും റീബിൽഡ് കേരള പദ്ധതിയിൽ അനുവദിച്ചിരുന്നു. ആകെ 38 സംഭരണ കേന്ദ്രങ്ങൾക്ക് അനുമതി ലഭിച്ചതിൽ സ്ഥലം ലഭ്യമായ 32 സർക്കാർ സമുച്ചയങ്ങളിൽ പാഴ്വസ്തു സംഭരണ കേന്ദ്രങ്ങൾ നിർമ്മിച്ചുകഴിഞ്ഞു. നിലവിൽ സ്ഥലം ലഭ്യമായ ഏഴ് ജില്ലകളിൽ, പത്തനംതിട്ട, കാസർഗോഡ്, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് പാഴ്വസ്തു സംസ്‌ക്കരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. നിയമസഭ സ്പീക്കർ എ. എൻ. ഷംസീർ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, സ്‌പെഷ്യൽ സെക്രട്ടറി ടി വി അനുപമ, ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ ജി. കെ. സുരേഷ് കുമാർ എന്നിവർ സന്നിഹിതരായി.



മിൽമ ഇൻസ്റ്റൻറ് ബട്ടർ ഇടിയപ്പം, മിൽമ ഇൻസ്റ്റൻറ് ഗീ ഉപ്പുമാവ് എന്നിവ വിപണിയിലെത്തി വിപണോദ്ഘാടനം മന്ത്രിമാരായ വി. എൻ വാസവനും ജെ.ചിഞ്ചുറാണിയും നിർവഹിക്കുന്നു

# രണ്ടു നവീന ഉത്പന്നങ്ങൾ പുറത്തിറക്കി മിൽമ

തിരുവനന്തപുരം: ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും ക്ഷീരകർഷകരുടെ വരുമാന വർധനവും ലക്ഷ്യമാക്കി ഇൻസ്റ്റൻറ് ബട്ടർ ഇടിയപ്പം, ഇൻസ്റ്റൻറ് ഗീ ഉപ്പുമാവ് എന്നീ ഉത്പന്നങ്ങൾ വിപണിയിലെത്തിച്ച് മിൽമ.

കനകക്കുന്നിൽ സംഘടിപ്പിച്ചിരിക്കുന്ന സഹകരണ എക്സ്പോയോടനുബന്ധിച്ച് നടന്ന ചടങ്ങിൽ പുതിയ ഉത്പന്നങ്ങളുടെ വിപണോദ്ഘാടനം സഹകരണ വകുപ്പ് മന്ത്രി വി. എൻ വാസവൻ, ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി എന്നിവർ നിർവഹിച്ചു. മിൽമ ഇൻസ്റ്റൻറ് ബട്ടർ ഇടിയപ്പം മന്ത്രി വി. എൻ വാസവനും മിൽമ ഇൻസ്റ്റൻറ് ഗീ ഉപ്പുമാവ് മന്ത്രി ജെ. ചിഞ്ചുറാണിയുമാണ് പുറത്തിറക്കിയത്.

മിൽമ ചെയർമാൻ കെ. എസ് മണി, അഡ്വ.കെ. പ്രേംകുമാർ എംഎൽഎ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാർ ഡോ. ഡി. സജിത് ബാബു ഐഎഎസ്, ക്ഷീരവികസന വകുപ്പ് ഡയറക്ടറും മിൽമ മാനേജിംഗ് ഡയറക്ടറുമായ ആസിഫ് കെ യൂസഫ് ഐഎഎസ്, ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ്, മലബാർ റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ എംഡി കെ സി ജെയിംസ്, തിരുവനന്തപുരം റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ എംഡി ഡോ. പി മുരളി, മിൽമ ഭരണസമിതി അംഗങ്ങൾ, മലബാർ റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ബോർഡ് അംഗങ്ങൾ എന്നിവരും പങ്കെടുത്തു.

ഉത്പന്നങ്ങളുടെ വൈവിധ്യവല്ക്കരണത്തിലൂടെ ജനഹൃദയങ്ങളിൽ സ്ഥാനം ഉറപ്പിച്ച സഹകരണ സ്ഥാപനമാണ് മിൽമയെന്ന് മന്ത്രി വി. എൻ വാസവൻ പറഞ്ഞു. കേരളത്തിൻറെ ജൈവവൈവിധ്യത്തെ പ്രയോജനപ്പെടുത്തി ഗുണമേന്മയുള്ളതും ഉപഭോക്താക്കൾക്ക് ലാഭകരവുമായ 400 ലധികം ഉത്പന്നങ്ങൾ സഹകരണമേഖല പുറത്തിറക്കുന്നത് അഭിനന്ദനാർഹമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിദേശ വിപണിയിലടക്കം മിൽമയുടെ ഉത്പന്നങ്ങൾക്കുള്ള സ്വീകാര്യതയും കയറ്റുമതി വർധനയും അഭിമാനകരമാണെന്ന് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. സമീപകാലത്ത് മിൽമ അവതരിപ്പിച്ച റെഡി ടു കുക്ക് വിഭവങ്ങൾ കുറഞ്ഞ സമയത്തിനുള്ളിൽ ഉപഭോക്താക്കൾക്കിടയിൽ പ്രചാരം നേടിയിട്ടുണ്ട്. മിൽമയിൽ നിന്നുള്ള വൈവിധ്യമാർന്ന ഉത്പന്നങ്ങൾ ക്ഷീരകർഷകരുടെ വരുമാനം വർദ്ധിക്കാൻ സഹായകമാണ്. തിരക്ക് പിടിച്ച ഇന്നത്തെ ജീവിത ക്രമത്തിൽ ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ തയ്യാറാക്കാവുന്നതും പോഷകമൂല്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാത്ത ആരോഗ്യപ്രദവുമായ ഉത്പന്നങ്ങളാണ് മിൽമ അവതരിപ്പിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വൈവിധ്യവത്ക്കരണത്തിൻറെ ഭാഗമായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും മിൽമയുടെ ഉപഭോക്താക്കളാക്കുന്നതിനായി 100-150 ഉത്പന്നങ്ങൾ മിൽമ പുറത്തിറക്കുന്നുണ്ടെന്ന് മിൽമ ചെയർമാൻ കെ. എസ് മണി പറഞ്ഞു. മത്സരാധിഷ്ഠിത വിപണിയിൽ പുതിയ തലമുറയുടെ ഭക്ഷണരീതിയ്ക്ക് അനുയോജ്യമായതും ആകർഷണീയവുമായ ഉത്പന്നങ്ങൾ കൊണ്ടുവരുന്നതിനൊപ്പം വ്യത്യസ്തങ്ങളായ വിഭവങ്ങൾ വിപണിയിലെത്തിക്കുന്നതിനാണ് മിൽമ ശ്രമിക്കുന്നത്. അതിൻറെ ഭാഗമായാണ് പുതിയ ഉത്പന്നങ്ങളായ ഇൻസ്റ്റൻറ് ബട്ടർ ഇടിയപ്പവും ഇൻസ്റ്റൻറ് ഗീ ഉപ്പുമാവും പുറത്തിറക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പുത്തൻ വിപണി ലക്ഷ്യമാക്കി മിൽമയുടെ നെയ്യ്, ബട്ടർ എന്നിവ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുള്ള രണ്ട് പുതിയ ഉത്പന്നങ്ങളാണ് മിൽമ ഇൻസ്റ്റൻറ് ബട്ടർ ഇടിയപ്പം, മിൽമ ഇൻസ്റ്റൻറ് ഗീ ഉപ്പുമാവ് എന്നിവ. ജനപ്രിയ ഭക്ഷണങ്ങളായ ഇടിയപ്പം (നൂൽപ്പുട്ട്), ഉപ്പുമാവ് എന്നിവയിൽ ശുദ്ധമായ മിൽമ ബട്ടർ, മിൽമ നെയ്യ് എന്നിവ ചേർക്കുന്നതിലൂടെ പാലിൻറെ പോഷക ഗുണങ്ങൾക്കൊപ്പം വെണ്ണ, നെയ്യ് എന്നിവയുടെ മണവും രുചിയും അനുഭവവേദ്യമാകും.

ഇടിയപ്പത്തിന് ഒരു വർഷത്തോളവും ഉപ്പുമാവിന് ആറുമാസത്തോളവും സൂക്ഷിപ്പ് കാലാവധിയുണ്ട്. വളരെപ്പെട്ടെന്ന് തയ്യാറാക്കാനാകുന്ന ഈ വിഭവങ്ങളിൽ രാസവസ്തുക്കൾ ചേർത്തിട്ടില്ല. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് ഇൻസ്റ്റൻറ് ബട്ടർ ഇടിയപ്പവും മിൽമ ഇൻസ്റ്റൻറ് ഗീ ഉപ്പുമാവും തയ്യാറാക്കിയിരിക്കുന്നതെന്നതും ശ്രദ്ധേയമാണ്.

മിൽമ ഉത്പന്നങ്ങളുടെ ഡിസൈനും അളവും വിലയും ഏകീകരിക്കുന്ന 'റീപൊസിഷനിംഗ് മിൽമ 2023' പദ്ധതിയുടെ ഭാഗമായി പാൽ, തൈര്, നെയ്യ് എന്നീ ഉത്പന്നങ്ങളെ കൂടാതെ വിപണിയിലെ മാറ്റങ്ങൾക്കും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കും അനുസൃതമായി ഒട്ടനവധി പുതിയ ഉത്പന്നങ്ങൾ വിപണിയിലെത്തിച്ചിട്ടുണ്ട്. വിവിധ ഫ്ളേവറുകളിലുള്ള ഐസ്ക്രീമുകൾ, ഫ്ളേവേർഡ് മിൽക്കുകൾ, വിവിധ തരം പേഡകൾ, പനീർ ബട്ടർ മസാല, ഇൻസ്റ്റൻറ് പുളിശ്ശേരി, ടെണ്ടർ കോക്കനട്ട് വാട്ടർ, മിൽമ കാഷ്യു വിറ്റ എന്നിവ അവയിൽ ചിലതാണ്.

ഉപഭോക്താക്കൾക്ക് വളരെ ഉപകാരപ്രദമായ നിരവധി ഇൻസ്റ്റൻറ് പ്രോഡക്റ്റുകളും മിൽമ അവതരിപ്പിക്കുന്നുണ്ട്. പനീർ ബട്ടർ മസാല, ഇൻസ്റ്റൻറ് പുളിശ്ശേരി മിക്സ്, റെഡി-ടു-ട്രിങ്ക് പാലട പായസം എന്നിവയും ഉപഭോക്താക്കൾക്കായി മിൽമ വിപണിയിലവതരിപ്പിച്ചിരുന്നു.

മിൽമ ഉത്പന്നങ്ങളുടെ പാക്കിംഗ്, ഡിസൈൻ, ഗുണനിലവാരം, വിപണനം എന്നിവയിൽ സമഗ്രമായ മാറ്റം വരുത്തി സംസ്ഥാന മൊട്ടാകെ ഏകീകരിച്ച് വിപണിയിൽ അവതരിപ്പിക്കുന്ന പദ്ധതിയാണ് 'റീപൊസിഷനിംഗ് മിൽമ'. സംസ്ഥാനത്തിൻറെ ഉൾപ്രദേശങ്ങളിൽ പോലും മിൽമയുടെ എല്ലാ ഉത്പന്നങ്ങളും ലഭ്യമാക്കുന്ന രീതിയിൽ വിപണനശൃംഖല വികസിപ്പിക്കുവാനും സംസ്ഥാനത്ത് പാലുത്പാദനവും വിപണനവും മെച്ചപ്പെടുത്താനും വിപണിസാധ്യത പ്രയോജനപ്പെടുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

## അപേക്ഷ ക്ഷണിച്ചു

പട്ടികവർഗ വികസന വകുപ്പിനു കീഴിൽ ജില്ലയിലെ കുറ്റിച്ചൽ ജി.കെ.എം.ആർ.എസിൽ 2025-26 അധ്യയന വർഷത്തിലേക്ക് താത്കാലിക അടിസ്ഥാനത്തിൽ ക്ലർക്ക്, ആയ, വാച്ച്മാൻ, ഫുൾടൈം സ്വീപ്പർ, കുക്ക് എന്നിവരെ നിയമിക്കുന്നു.

അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം. പട്ടികവർഗ വിഭാഗത്തിൽ നിന്നുള്ളവർക്കു മാത്രം അപേക്ഷിക്കാം. ക്ലർക്ക് തസ്തികയിലേക്ക് 10-ാം ക്ലാസ്സും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത, കുക്ക് തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ ഏഴാം ക്ലാസ്സോ അതിനു മുകളിലോ യോഗ്യതയുള്ളവരായിരിക്കണം. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ക്രാഫ്റ്റ് സർട്ടിഫിക്കറ്റ്, ഒരു വർഷത്തെ പ്രവർത്തി പരിചയം എന്നിവയുള്ളവർക്ക് മുൻഗണന ലഭിക്കും.

ആയ, വാച്ച്മാൻ, ഫുൾടൈം സ്വീപ്പർ എന്നീ തസ്തികകളിൽ അപേക്ഷിക്കുന്നവർ ഏഴാം ക്ലാസ്സോ അതിനുമുകളിലോ വിദ്യാഭ്യാസ യോഗ്യത ഉള്ളവരായിരിക്കണം. ഒരുവർഷത്തെ പ്രവർത്തിപരിചയമുള്ളവർക്ക് മുൻഗണനയുണ്ടാകും.

പ്രായപരിധി 45 വയസ്സ്. താത്പര്യമുള്ളവർ വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷയോടൊപ്പം, ബയോഡാറ്റ, യോഗ്യത, പ്രവൃത്തി പരിചയം, വയസ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഏപ്രിൽ 24ന് വൈകിട്ട് അഞ്ചിന് മുമ്പായി കാട്ടാക്കട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൻ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9447164834

## വാക്ക് ഇൻ ഇന്റർവ്യു

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ഇൻഡോ-ഡച്ച് ഗവേഷണ പദ്ധതിയിൽ പ്രോജക്ട് സയന്റിസ്റ്റ് കക താൽക്കാലിക ഒഴിവിലേക്ക് മെയ് 9 ന് രാവിലെ 11 ന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക് : www.kscste.kerala.gov.in.

# അഭിഭാഷകരുടെ പാനലിലേക്ക് കെ-റെറ അപേക്ഷ ക്ഷണിച്ചു

കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (കെ-റെറ) ഹൈക്കോടതിയിലും കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണലിലും അതോറിറ്റിയെ പ്രതിനിധീകരിക്കുന്നതിന് യോഗ്യതയും പരിചയസമ്പത്തുമുള്ള അഭിഭാഷകരിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചു. റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആൻഡ് ഡവലപ്മെന്റ്) ആക്ട്, 2016, അതുമായി ബന്ധപ്പെട്ട മറ്റ് നിയമങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള കേസുകൾ കൈകാര്യം ചെയ്യാനും നിയമോപദേശം നൽകാനും അഭിഭാഷകർ ഉൾപെടുന്ന പാനൽ രൂപീകരിക്കുക എന്നതാണ് ഉദ്ദേശ്യം.

അംഗീകൃത സർവകലാശാലയിൽ നിന്നുള്ള നിയമ ബിരുദം, കുറഞ്ഞത് 20 വർഷത്തെ പരിചയം എന്നിവയാണ് യോഗ്യത. കേരള ബാർ കൗൺസിലിൽ രജിസ്റ്റർ ചെയ്തിരിക്കണം. റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി, ട്രൈബ്യൂണലുകൾ, ഹൈക്കോടതി എന്നിവയിലുള്ള പരിചയത്തിന് മുൻഗണന. റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആൻഡ് ഡവലപ്മെന്റ്) ആക്ട് 2016, സിവിൽ പ്രൊസീജർ നിയമം എന്നിവയിൽ അറിവുണ്ടായിരിക്കണം. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പ്രാവീണ്യം നിർബന്ധം.

യോഗ്യരായവർ ഫോട്ടോയോടുകൂടിയ സി. വി, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, കൈകാര്യം ചെയ്ത കേസുകളുടെ പട്ടിക, അവസാന മൂന്ന് വർഷത്തിനുള്ളിൽ അഭിഭാഷകൻ ആയി ഹാജരായ രണ്ട് വിധിന്യായങ്ങൾ, സാമ്പിൾ ബ്രീഫുകളും പ്ലീഡിങ്ങുകളും, പാനലിൽ ചേർക്കുന്നതിനുള്ള താൽപര്യവും പ്രവൃത്തിപരിചയം എങ്ങനെ യോജിക്കുന്നു എന്നതും വ്യക്തമാക്കുന്ന കവർ ലെറ്റർ എന്നിവ സഹിതം- സെക്രട്ടറി (നിയമ വിഭാഗം), കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി ട്രിനിറ്റി സെന്റർ, കേശവദാസപുരം, തിരുവനന്തപുരം 695004 എന്ന വിലാസത്തിൽ അപേക്ഷിക്കുക. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: മെയ് 15. വിശദവിവരങ്ങൾക്ക് ഫോൺ : 9497680600, 04713501012.

# ലഹരിക്കെതിരെ കർശന നിലപാട് എടുക്കണം: വി ശശി എംഎൽഎ

ലഹരി ഉപയോഗത്തിനെതിരെ പോലീസിന്റെയും എക്സൈസിന്റെയും ഭാ?ഗത്തുനിന്ന് കർശന നിലപാട് ഉണ്ടാകണമെന്ന് വി.ശശി എംഎൽഎ. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിനും തിരുവനന്തപുരം റൂറൽ പോലീസ്, എക്സൈസ്, ജില്ലാ ഭരണകൂടം എന്നിവയുടെ നേതൃത്വത്തിൽ കളക്ടറേറ്റിൽ ചേർന്ന യോ?ഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേ?ഹം. ലഹരി വില്ക്കുന്നത് വരുമാന മാർ?ഗ്?ഗമായി കാണുന്നവർ ഉണ്ടെന്നും ഇത്തരം ദോഷകരമായ പ്രവണതകൾ തുടച്ചുനീക്കണമെന്നും അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരം ഡിഐജി അജിതാ ബീ?ഗം വിഷയാവതരണം നടത്തി. ലഹരി ഉപയോ?ഗം കൂടിവരുന്നത് ഒരു അന്താരാഷ്ട്ര വെല്ലുവിളിയാണെന്നും എല്ലാ വകുപ്പുകളും സംഘടനങ്ങളും പൊതുജനങ്ങളും ഒന്നിച്ചുള്ള ഒരു സംയുക്ത ആക്ഷൻപ്ലാൻ ആണ് ലഹരിക്കെതിരെ പോരാടാൻ വേണ്ടതെന്നും അജിതാ ബീ?ഗം പറഞ്ഞു.

ലഹരിയുമായി ബന്ധപ്പെട്ട് 30,000ൽ അധികം കേസ്സുകളാണ് കഴിഞ്ഞ വർഷം കേരളത്തിൽ റിപ്പോർട്ട് ചെയ്തത്. ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ ഡ്രഗ് കേസ്സുകൾ കേരളത്തിലായിരുന്നു. കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ 8000 കേസ്സുകൾ രജിസ്റ്റർ ചെയ്തു. ബോധവത്ക്കരണ പരിപാടികൾ ശക്തമാക്കുന്നതോടൊപ്പം ലഹരിക്കെതിരെയുള്ള പ്രതിരോധ നടപടികളും കൈക്കൊള്ളും. ലഹരി ഉപയോ?ഗത്തിന് അടിമപ്പെടുന്ന കുട്ടികളുടെ കഴിവുകൾ സർ?ഗ്?ഗാത്മക-കായിക മേഖലകളിലേക്ക് തിരിച്ചുവിടാൻ കഴിയണമെന്നും അവർ കൂട്ടിച്ചേർത്തു.

നിയന്ത്രിക്കാൻ കഴിയാത്തവിധം പേടിപ്പെടുത്തുന്ന ?ലഹരിക്കേസുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നതെന്ന് ജില്ലാ കളക്ടർ അനുകുമാരി പറഞ്ഞു. കോളേജ്, സ്കൂൾ തലത്തിൽ ബോധവത്ക്കരണം ശക്തമാക്കണമെന്നും എസ്.പി.സിയുടെ സേവനം ഇക്കാര്യത്തിൽ പരമാവധി പ്രയോജനപ്പെടുത്തണമെന്നും അവർ കൂട്ടിച്ചേർത്തു. സബ് കളക്ടർ ആൽഫ്രഡ് ഒ.വി, തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി സുദർശൻ കെ.എസ്, ഡി.എഫ്.ഒ ഷാനവാസ്, നെടുമങ്ങാട് ആർ.ഡി.ഒ ജയകുമാർ, എക്സൈസ്-പോലീസ് ഉദ്യോഗസ്ഥർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പി.വി അൻവർ കോൺഗ്രസുമായും യു.ഡി.എഫുമായും സഹകരിക്കും; മുന്നണി പ്രവേശനം യു.ഡി.എഫ് ചർച്ച ചെയ്ത് തീരുമാനിക്കും

പി.വി അൻവറുമായി വിശദമായി സംസാരിച്ചു. അദ്ദേഹം കോൺഗ്രസുമായും യു.ഡി.എഫുമായും സഹകരിച്ചു നിൽക്കും. അതു സംബന്ധിച്ച് അദ്ദേഹം ചില നിർദ്ദേശങ്ങൾ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ കോൺഗ്രസിലും യു.ഡി.എഫിലും ചർച്ച ചെയ്ത് തീരുമാനമെടുത്ത് അദ്ദേഹത്തെ അറിയിക്കും. ഒപ്പം നിന്ന് പ്രവർത്തിക്കുമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ആ സഹകരണം ഞങ്ങളും സ്വീകരിച്ചിട്ടുണ്ട്. മുന്നണിയുമായി ആലോചിക്കാതെ മുന്നണി പ്രവേശനത്തെ കുറിച്ച് പറയാനാകില്ല. എല്ലാ യു.ഡി.എഫ് ഘടകകക്ഷികളുമായി ചർച്ച ചെയ്ത ശേഷമെ മുന്നണി പ്രവേശനം സംബന്ധിച്ച് തീരുമാനം എടുക്കാനാകൂ.

കോൺഗ്രസും യു.ഡി.എഫും പ്രഖ്യാപിക്കുന്ന ഏതു സ്ഥാനാർത്ഥിക്കും പി.വി അൻവർ പരിപൂർണ പിന്തുണ നൽകും. അദ്ദേഹവുമായി സഹകരിച്ച് പ്രവർത്തിക്കും. കോൺഗ്രസ് എടുക്കുന്ന തീരുമാനം ഘടകകക്ഷികൾക്കു മേൽ അടിച്ചേൽപ്പിക്കുന്ന രീതി യു.ഡി.എഫിനില്ല. 9 വർഷം നിലമ്പൂരിൽ എം.എൽ.എ ആയിരുന്ന അൻവറിന്റെ പിന്തുണ യു.ഡി.എഫിന് ഗുണം ചെയ്യും. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ കന്റോൺമെന്റ് ഹൗസിൽ മാധ്യമങ്ങളോട് പറഞ്ഞു.

എന്ത് വിഷയം ഉണ്ടായാലും മതപരമാക്കാനാണ് ശ്രമിക്കുന്നത്. കശ്മീർ ആക്രമണത്തിന് പിന്നിൽ പാകിസ്ഥാൻ ഭീകര സംഘടനയാണോയെന്ന് ഇന്ത്യയിലെ തന്നെ സംഘടനയാണോയെന്ന് അന്വേഷണം നടത്തി കേന്ദ്ര സർക്കാരാണ് പറയേണ്ടത്. അതിന് മുൻപ് ചർച്ച നടത്തി ആരുടെയെങ്കിലും തലയിൽ കെട്ടിവയ്ക്കേണ്ട കാര്യമില്ല. ഏതെങ്കിലും മത വിഭാഗത്തിൽപ്പെട്ടവർ അക്രമം നടത്തിയാൽ ആ മത വിഭാഗം മുഴുവൻ ഭീകരവാദികളാണെന്നു പറയുന്നത് ശരിയല്ല. ഗുജറാത്തിൽ കലാപം നടത്തിയതിന്റെ പേരിൽ ഹൈന്ദവരെല്ലാം ഭീകര സംഘടനയാണെന്ന് പറയാൻ സാധിക്കുമോ? പച്ച വെള്ളത്തിന് തീപിടിപ്പിക്കുന്ന വർഗീയതയാണ് എല്ലായിടത്തുമുള്ളത്. ഓരോ വിഷയങ്ങൾ ഉണ്ടാകുമ്പോഴും ഓരോരുത്തർ ചാടി വീഴുകയാണ്.

മുനമ്പം വിഷയത്തെ പോലും വർഗീയമാക്കി മാറ്റാനാണ് ശ്രമിച്ചത്. രാജ്യത്തിന് നേരെയുള്ള കടന്നാക്രമണമാണ് കശ്മീരിൽ ഉണ്ടായത്.

# പേറ്റൻറ് വിവാദം: സോളിനാസ് കമ്പനിക്കെതിരെ നിയമ നടപടിയുമായി ജെൻ റോബോട്ടിക്സ്

തിരുവനന്തപുരം: മാൻഹോളിൽ നിന്ന് മാലിന്യങ്ങൾ നീക്കാൻ ഉപയോഗിക്കുന്ന ലോകത്തിലെ ആദ്യ 'ബാൻഡികൂട്ട്' റോബോട്ടിൻറെ നിർമ്മാതാക്കളായ ജെൻ റോബോട്ടിക്സ് ചെന്നൈ ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പായ സോളിനാസ് ഇൻറഗ്രിറ്റി പ്രൈവറ്റ് ലിമിറ്റഡിനെതിരെ നിയമ നടപടി ആരംഭിച്ചു. തങ്ങളുടെ ഉടമസ്ഥതയിലുള്ള സാങ്കേതികവിദ്യയുടെ പേറ്റൻറ് ലംഘനവുമായി ബന്ധപ്പെട്ടാണ് നടപടി.

റോബോട്ടിക് മാൻഹോൾ ക്ലീനിംഗ് സാങ്കേതികവിദ്യയ്ക്ക് പേറ്റൻറ് സ്വന്തമാക്കിയിട്ടുള്ള ജെൻ റോബോട്ടിക്സ് തങ്ങൾക്ക് നേരെയുള്ള അവകാശലംഘനത്തിനെതിരെ നിയമസഹായം തേടിയതായും കേസ് കോടതിയുടെ പരിഗണനിയിലാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

ജെൻ റോബോട്ടിക്സിൻറെ പേറ്റൻറ് ഉള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് സോളിനാസ് കമ്പനി 'ഹോമോസെപ്' എന്ന പുതിയ റോബോട്ട് വികസിപ്പിച്ചുവെന്നാണ് പരാതി. ബാൻഡികൂട്ട് റോബോട്ടിൻറെ ആശയങ്ങളും ടെക്നോളജിയും ഇതിൽ ഉൾപ്പെടുത്തിയതായി ജെൻ റോബോട്ടിക്സ് ചൂണ്ടിക്കാണിക്കുന്നു.

ഹോമോസെപ്പിന് ബാൻഡികൂട്ട് റോബോട്ടുമായുള്ള സാമ്യങ്ങൾ തങ്ങളുടെ സാങ്കേതികവിദ്യ അനധികൃതമായി ഉപയോഗിച്ചതായുള്ള ഗൗരവകരമായ സംശയങ്ങൾക്ക് ഇടയാക്കുന്നതായും ഇതാണ് നിയമനടപടിക്ക് പിന്നിലെന്നും ജെൻ റോബോട്ടിക്സ് അധികൃതർ പറഞ്ഞു. ഡൽഹി ഹൈക്കോടതിയിൽ ഏപ്രിൽ 21 ന് നടന്ന വാദത്തിനിടെ മധ്യസ്ഥതയിലൂടെ പരിഹാരമുണ്ടാക്കാനുള്ള കോടതി നിർദേശം തങ്ങൾ അംഗീകരിച്ചതായും അധികൃതർ കൂട്ടിച്ചേർത്തു.

ഇന്ത്യയിലെ വളർന്നുവരുന്ന ഡീപ്-ടെക് ആവാസവ്യവസ്ഥയിൽ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും യഥാർത്ഥ സാങ്കേതിക സംഭാവനകൾ സംരക്ഷിക്കുന്നതിനും ജെൻ റോബോട്ടിക്സ് പ്രതിജ്ഞാബദ്ധമാണെന്ന് കമ്പനി പ്രസ്താവനയിൽ വ്യക്തമാക്കി.

വിഷയം ഇപ്പോൾ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ കൂടുതൽ പ്രതികരണങ്ങൾ ഒഴിവാക്കുന്നുവെന്നും നിയമ നടപടികളുടെ വിധിക്കായി കാത്തിരിക്കുകയാണെന്നും കമ്പനി അറിയിച്ചു.

2017 ൽ സ്ഥാപിതമായ ജെൻ റോബോട്ടിക്സ് സാമൂഹിക നവീകരണത്തിനായി സാങ്കേതികവിദ്യ ഉപയോഗിക്കുന്ന മുൻനിര കമ്പനിയാണ്. മാൻഹോളിലെ മാലിന്യം നീക്കാൻ ബാൻഡികൂട്ട് റോബോട്ടിനെ വികസിപ്പിച്ചതിലൂടെ നിരവധി അംഗീകാരങ്ങളാണ് ജെൻ റോബോട്ടിക്സി തേടിയെത്തിയത്. 23 സംസ്ഥാനങ്ങളിലും 200 ലധികം സ്ഥലങ്ങളിലും നിലവിൽ റോബോട്ടിൻറെ സേവനം ഉപയോഗപ്പെടുത്തുന്നു. ശുചീകരണ മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ ഈ സാങ്കേതികവിദ്യയിലൂടെ സാധിച്ചിട്ടുണ്ട്.

## ഇലക്ട്രിക്കൽ വയർമാൻ പരീക്ഷ മേയ് 8 ന്

19/07/2024 ലെ 30-ാം നമ്പർ കേരള ഗസറ്റ് വിജ്ഞാപന പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നടത്തുന്ന ഇലക്ട്രിക്കൽ വയർമാൻ എഴുത്തു പരീക്ഷ 2024 കേരളത്തിലെ എല്ലാ ജില്ലകളിലും മേയ് 8 ന് നടക്കും. ഹാൾടിക്കറ്റ് വഴേ:// [illegible] ൽ നിന്നും ഏപ്രിൽ മുതൽ ഡൗൺലോഡ് ചെയ്യാം. ഹാൾടിക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്തിന് 30 മിനിറ്റ് മുൻപ് പരീക്ഷാർഥികൾ ഹാളിൽ എത്തിച്ചേരണം. പരീക്ഷയ്ക്ക് കാൽക്കുലേറ്റർ ഉപയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് : 0471 2339233.